## പന്ത്രണ്ടാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 241 — 04-12-2008-ൽ മറുപടിക്ക്

### വൈദ്യുതി മോഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ജെ. ജേക്കബ്<br>ശ്രീ. പി.ജയരാജൻ<br>ശ്രീ. ജോർജ് എം. തോമസ്<br>കെ. സി. കുഞ്ഞിരാമൻ<br>കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. എ. കെ. ബാലൻ<br>പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി | |
| എ. | വൈദ്യുതി മോഷണത്തിനെതിരെയുള്ള നടപടികൾ ശക്തമാക്കാൻ വൈദ്യുതി ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ. | വൈദ്യുതി മോഷണം തടയുന്നതിന് ആൻറി പവർ തെഫ്റ്റ് സ്ക്വാഡിൻെറ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 5 സ്ക്വാഡുകൾ പ്രവർത്തനം ആരംഭിച്ചു. നിലവിൽ 11 സ്കോഡ് പ്രവർത്തിക്കുന്നു. മലപ്പുറത്തും, തിരുവല്ലയിലും പുതുതായി സ്കോഡ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മോഷണം കണ്ടെത്തുന്നതിന് ആധുനിക മീറ്റർ ടെസ്റ്റിംഗ് ഉപകരണങ്ങൾ എല്ലാ എ. പി. ടി. എസ്. യൂണിറ്റുകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. |
| ബി. | വൈദ്യുതി മോഷണം സംബന്ധിച്ച കേസുകളിൽ ക്രിമിനൽ ശിക്ഷാനിയമമനുസരിച്ച് ജാമ്യമില്ലാ വ്യവസ്ഥകൾ ചുമത്തി നിയമ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി. | ഇലക്ട്രിസിറ്റി ആക്ടിൻെറ സെക്ഷൻ 151ൻെറ 15-06-07ലെ ഭേദഗതി 151(ബി) പ്രകാരം വൈദ്യുതി മോഷണത്തിന് ചാർജ് ചെയ്യുന്ന കേസുകൾ Non bailable and cognizable ആണ്. |
| സി. | 2003-ലെ വൈദ്യുതി നിയമ പ്രകാരം വൈദ്യുതി മോഷണത്തിനെതിരെയുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ്. | സി. | ഇലക്ട്രിസിറ്റി ആക്റ്റ് 2003 ലെ 126, 127, 135, 138, 145, 151, 152, 153 വകുപ്പുകൾ പ്രകാരമാണ് വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നത്. |
| ഡി. | വൈദ്യുതി മോഷണം സംബന്ധിച്ച് കേസുകൾ വിചാരണ ചെയ്യാൻ പ്രത്യേക കോടതികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | ഡി. | ഇലക്ട്രിസിറ്റി ആക്റ്റ് 2003, കേരളത്തിൽ വൈദ്യുതി മോഷണനടപടികൾ കൈകാര്യം ചെയ്യാൻ സെക്ഷൻ 153 പ്രകാരം 43 സ്പെഷ്യൽ കോടതികൾ ഡെസിഗ്നേറ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 242 — 04.12.2008 ൽ മറുപടിക്ക്

## മാലിന്യമുക്ത കേരളം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. എം.എം. മോനായി<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീ. വി.ശിവൻകുട്ടി | | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാലിന്യമുക്ത കേരളം പദ്ധതി ആരംഭിച്ചത് എന്നാണ് ? | (എ) | മാലിന്യമുക്ത കേരളം പദ്ധതി 2006 ഒക്ടോബർ രണ്ടിനാണ് ആരംഭിച്ചത്. ആദരണീയനായ രാഷ്ട്രപതി 2007 നവംബർ ഒന്നിന് മാലിന്യമുക്ത കേരളം കർമ്മ പദ്ധതി ഉദ്ഘാടനം ചെയ്തു. |
| (ബി) | ഈ പദ്ധതി അനുസരിച്ച് നാളിതുവരെ എന്തൊക്കെ പ്രവൃത്തികളാണ് ഏറ്റെടുത്തത് ? | (ബി) | 1. ശുചിത്വ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ശുചിത്വ മിഷൻ രൂപീകരിച്ചു.<br><br>2. കേന്ദ്ര സർക്കാർ സഹായത്തോടെ കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (സി.സി.ഡി.യു) പ്രവർത്തനമാരംഭിച്ചു.<br><br>3. ഖരമാലിന്യപരിപാലന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മാർഗനിർദേശങ്ങളും യൂണിറ്റ് കോസ്റ്റും പ്രവൃത്തി പരിപാലനരീതികളും ആദ്യമായി ആവിഷ്ക്കരിച്ചു.<br><br>4. സംസ്ഥാന ബഡ്ജറ്റിൽ ശുചിത്വ മേഖലയിലെ പ്രവർത്തനങ്ങൾക്കായി 451 ലക്ഷം രൂപ വകയിരുത്തി.<br><br>5. രണ്ടു വർഷത്തിനുള്ളിൽ ആറ് തീവ്രശുചീകരണ പരിപാടികൾ സംഘടിപ്പിച്ചു.<br><br>6. പ്ലാസ്റ്റിക് വസ്തുക്കളുടെ നിയന്ത്രണം കർശനമാക്കി. |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | | | 7. എല്ലാ പഞ്ചായത്തിലും ശുചിത്വ സമീപന രേഖ തയ്യാറാക്കി.<br><br>8. 2006 ഒക്ടോബർ മുതൽ ഇതുവരെ 4.1 ലക്ഷം വ്യക്തിഗത ടോയ്‌ലറ്റുകളും 1161 സ്കൂൾ ടോയ്‌ലറ്റുകളും 1898 അങ്കണവാടി ടോയ്‌ലറ്റുകളും 113 ശുചിത്വ സമുച്ചയങ്ങളും സ്ഥാപിച്ചു.<br><br>9. 49 മുനിസിപ്പാലിറ്റികളിലും 44 പഞ്ചായത്തുകളിലും ഖരമാലിന്യ പരിപാലന പദ്ധതികൾ ആരംഭിച്ചു. ഇതിനായി 52.46 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും സംസ്ഥാനവിഹിതമായി 19.39 കോടി രൂപ നൽകുകയും ചെയ്തു. കോർപ്പറേഷനിലെ വിവിധ ശുചിത്വ പദ്ധതികൾക്ക് 710.1 കോടി രൂപയും ചെറുപട്ടണങ്ങളുടെ ശുചിത്വ പദ്ധതികൾക്ക് 79.29 കോടി രൂപയും കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ വഴി സ്വരൂപിച്ചു.<br><br>10. 826 (83%) ഗ്രാമപഞ്ചായത്തുകൾക്ക് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിർമൽ പുരസ്കാരം ലഭിച്ചു. നാല് ജില്ലാപഞ്ചായത്തുകളും 90 ബ്ലോക്ക് പഞ്ചായത്തുകളും നിർമൽ പദവി നേടി. അവാർഡ് തുകയായി 61.3 കോടി രൂപ ലഭിച്ചു. |
| (സി) | നടപ്പു വർഷം ഇനി എന്തൊക്കെ പ്രവൃത്തികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വികേന്ദ്രീകൃതമായി പൊതു മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുക, സ്രോതസ്സിൽ തന്നെ മാലിന്യം സംസ്കരിക്കുക, ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുക എന്നീ പൊതുനയത്തിന്റെ അടിസ്ഥാനത്തിൽ, താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നു.<br>1. ഖരമാലിന്യ പരിപാലന സംവിധാനം തുടക്കം കുറിച്ചിട്ടില്ലാത്ത നാലു നഗരസഭകൾക്ക് സഹായം ലഭ്യമാക്കുക.<br>2. നഗരസ്വഭാവം ആർജ്ജിച്ച ഇരുന്നൂറ് ഗ്രാമ പഞ്ചായത്തുകളിൽ ഖരമാലിന്യ പദ്ധതി ആരംഭിക്കുക.<br>3. പട്ടണങ്ങളിൽ ശുചിത്വ സങ്കേതങ്ങൾ തുടങ്ങുക.<br>4. അറവുശാലകൾക്കും, കോഴിമാലിന്യങ്ങളുടെ സംസ്കരണത്തിനും സഹായം ചെയ്യുക.<br>5. ശുചിത്വപാലനത്തിൽ മാതൃകയാകുന്ന പൊതു സ്ഥാപനങ്ങൾക്ക് മാലിന്യ മുക്ത അവാർഡ് നൽകുക. |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | | | 6. 45000 ടോയ്ലറ്റുകളും 156 [illegible] സമുച്ചയങ്ങളും സ്ഥാപിക്കുക.<br><br>7. സംസ്ഥാനത്തെ നിർമൽ പദവിയ്ക്ക് അർഹമാക്കും വിധം ശേഷിക്കുന്ന 173 ഗ്രാമപഞ്ചായത്തുകൾക്ക് നിർമൽ പുരസ്കാരം നേടിയെടുക്കുക.<br>8. നിർമൽ പുരസ്കാരത്തിലൂടെ അതത് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന തുക ഖരമാലിന്യ പ്രശ്നം പരിഹരിക്കുംവിധം പൊതു മാർഗ നിർദേശം നൽകുക. |
| (ഡി) | മാലിന്യ മുക്ത കേരളം പദ്ധതി ഒരു ജനകീയ കർമ്മ പദ്ധതിയായി നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ? | (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും ബഹുജനപങ്കാളിത്തത്തോടെയുമാണ് പദ്ധതി നടപ്പാക്കി വരുന്നത്. ജില്ലാടിസ്ഥാനത്തിലും പഞ്ചായത്തുതലത്തിലും ജനകീയ കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിന്റെയും നയസമീപന രേഖകൾ പ്രത്യേക ഗ്രാമസഭകൾ ചേർന്നാണ് അംഗീകരിച്ചത്. പൊതുസ്ഥാപനങ്ങളുടെയും ആശുപത്രികളുടേയും, സ്കൂളുകളുടെയും ശുചീകരണത്തിനായി പ്രത്യേക പ്രവർത്തനവും നടത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തവും സഹകരണവും ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്.<br><br>മാലിന്യമുക്ത കേരളം പദ്ധതിക്ക് വിപുലമായ ജനപിന്തുണയാണ് ലഭിക്കുന്നത്. എന്നാൽ ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിൽ പല സ്ഥലങ്ങളിലും ജനങ്ങൾ എതിർപ്പ് പ്രകടിപ്പിക്കാറുണ്ട്. ഇക്കാര്യത്തിൽ ജനങ്ങളുടെ മനോഭാവത്തിൽ കാര്യമായ മാറ്റം വരേണ്ടതുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിച്ചും, മാലിന്യ സംസ്കരണ കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ ജനങ്ങളെ ബോധ്യപ്പെടുത്തിയും ജനകീയ പങ്കാളിത്തം കൂടുതലായി ഉണ്ടാക്കിയെടുക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 243 04-12-2008 - ൽ മറുപടിക്ക്

## പട്ടിക വിഭാഗക്കാർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികവിഭാഗങ്ങളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ എന്തെല്ലാം വർദ്ധനവു വരുത്തി;

(എ) സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റുമെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ് മണി എന്നിവയിൽ 50% വർദ്ധനവ് വരുത്തി 1-4-2008 മുതൽ വർദ്ധിപ്പിക്കുകയുണ്ടായി.

2) പ്രീമെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ് 500 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിപ്പിക്കുകയും, പോസ്റ്റുമെട്രിക് ഹോസ്റ്റലുകളിലെ മെസ്സ് ചാർജ് 700 രൂപയിൽ നിന്ന് 900 രൂപയായി വിതരണം ചെയ്യുകയും ചെയ്യു. എം.ആർ.എസ് മെസ് ചാർജ് 1 മുതൽ 10 വരെ ക്ലാസുകൾക്ക് 700 രൂപയായും പ്ലസ്‌വൺ-പ്ലസ്ടു ക്ലാസുകൾക്ക് 900 രൂപയായും വർദ്ധിപ്പിച്ചു.

3) അഡ്വക്കേറ്റ്മാർക്ക് പ്രാക്ടീസ് ചെയ്യുന്നതിന് പുസ്തകം വാങ്ങുന്നതിനായി നൽകിവരുന്ന ധനസഹായം 5000 രൂപയിൽ നിന്ന് 6250 രൂപയായി വർദ്ധിപ്പിച്ചു.

4) ഐ.ടി.സി വിദ്യാർത്ഥികളുടെ യൂണിഫോം അലവൻസ് 400 രൂപയിൽ നിന്ന് 900 രൂപയായി വർദ്ധിപ്പിച്ചു.

5) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ യൂണിഫോം അലവൻസ് 1200 രൂപയിൽ നിന്ന് 1 മുതൽ 7 വരെ ക്ലാസുകളിൽ 1500 രൂപയായും. 8 മുതൽ 12 വരെ ക്ലാസുകളിൽ 2000 രൂപയായും വർദ്ധിപ്പിച്ചു.

6) സർക്കാർ/എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങളിൽ

7) പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപനത്തിനോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യമില്ലെങ്കിൽ 1000 രൂപ പ്രതിമാസം സ്റ്റൈപന്റ് അനുവദിച്ചു.

പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പരീക്ഷയിലൂടെ പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 5000 രൂപയുടെ സഹായം

(ബി) ഇവർക്ക് പുതുതായി എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചു;

(ബി) പ്രധാനമായി താഴെ പറയുന്ന കോഴ്സുകൾക്ക് ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പുതുതായി അനുവദിച്ചു നൽകി.

i) കോഴിക്കോട് യൂണിവേഴ്സിറ്റി നടത്തുന്ന എം.ഫിൽ/ പി.എച്ച്.ഡി. ഇന്റഗ്രേറ്റഡ് കോഴ്സ്.
ii) ലാറ്ററൽ എന്ട്രി വഴി പ്രവേശനം ലഭിക്കുന്ന എഞ്ചിനീയറിംഗ്, ബി.ഫാം കോഴ്സുകൾ.
iii) അംഗീകൃത യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന സ്വാശ്രയ കോഴ്സുകൾ.
iv) സ്വാശ്രയ കോഴ്സുകളായ എം.സി.എ, ആയുർവേദ നഴ്സിംഗ്, ആയുർവേദ ബി.ഫാം, ബി.എഡ്, നഴ്സിംഗ്
v) അഖിലേന്ത്യാ പ്രവേശന പരീക്ഷയിലൂടെ പ്രവേശനം നൽകുന്ന സംസ്ഥാനത്തിന് പുറത്തുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഐ.ഐ.ടി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ബാംഗ്ലൂർ, നാഷണൽ കൗൺസിൽ ഓഫ് മാനേജ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി സ്ഥാപനങ്ങൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി എന്നിവ നടത്തുന്ന കോഴ്സുകൾ.
vi) യു.ജി.സി അംഗീകാരമുള്ള സംസ്ഥാനത്തെ കൽപിത സർവ്വകലാശാലകളായ കേരള കലാമണ്ഡലം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി കോഴിക്കോട് എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചു.
vii) സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാ പരീക്ഷക്ക് പഠിക്കുന്ന കുട്ടികൾക്ക് 2000 രൂപ നിരക്കിൽ ഫീസ് അനുവദിച്ചു.

viii) സി.ഡിറ്റ് മുഖാന്തിരം പട്ടികജാതി വിഭാഗത്തിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ ട്രെയിനിംഗ് കോഴ്സുകൾക്കായി നടത്തി വരുന്നു സൈബർശ്രീ പദ്ധതി അനുസരിച്ച് ഇപ്പോൾ 250 കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു.

പുതുതായി അനുവദിച്ച മറ്റു വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിവരണം അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്.

(സി) ഈ സർക്കാർ വന്നശേഷം പട്ടിക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) പ്രധാനമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു.

i) പട്ടികജാതി വികസന വകുപ്പിൻ കീഴിൽ 4 എം.ആർ. എസുകളിലും പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ 5 എം.ആർ.എസുകളിലും പ്ലസ് വൺ, പ്ലസ്ടു കോഴ്സുകൾ അനുവദിച്ചു.

ii) പട്ടികജാതി വികസന വകുപ്പിൽ 2 എം.ആർ. എസുകളുടെയും പട്ടികവർഗ്ഗ വികസന വകുപ്പിൽ 9 എം.ആർ.എസുകളുടെയും കെട്ടിടം പണി പൂർത്തീകരിച്ചു.

iii) പട്ടികജാതി വികസന വകുപ്പിൽ 3 പോസ്റ്റു മെട്രിക് ഹോസ്റ്റലുകൾക്കും, 9 പ്രീമെട്രിക് ഹോസ്റ്റലുകൾക്കും, പട്ടികവർഗ്ഗ വികസന വകുപ്പിൽ 6 പ്രീമെട്രിക് ഹോസ്റ്റലുകൾക്കും പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി.

iv) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിന് 11 കോടി രൂപ ചെലവഴിച്ചു.

v) അയ്യൻകാളി സ്പോർട്സ് സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് 1.27 കോടി രൂപ അനുവദിച്ചു.

vi) വെള്ളയമ്പലം പോസ്റ്റുമെട്രിക് ഹോസ്റ്റലിനെ മോഡൽ ഹോസ്റ്റലാക്കി മാറ്റി.

vii) പാലക്കാട്, കണ്ണൂർ ജില്ലകളിൽ പുതിയതായി ഓരോ പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

viii) കോട്ടയം നഴ്സിംഗ് കോളേജ് ഹോസ്റ്റൽ ആരംഭിക്കുന്നതിന് 1.7 കോടി രൂപ അനുവദിച്ചു.

ix) സെന്റർ ഓഫ് എക്സലൻസ് കോഴിക്കോട് എന്ന സ്ഥാപനത്തെ CREST എന്ന പേരിൽ ഒരു സ്വയം ഭരണ സ്ഥാപനമാക്കി മാറ്റി.

x) 8 ഐ.ടി.സികളെ മോഡൽ ഐ.ടി.സികളാക്കി മാറ്റാൻ നടപടി.

xi) പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർവഴി പട്ടിക

ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ എഞ്ചിനീയറിംഗ് എന്റ്രൻസ് കോച്ചിംഗ്

xii) പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കിർത്താഡ്സ് മുഖാന്തിരം പ്രത്യേക മെഡിക്കൽ എന്ട്രൻസ് കോച്ചിംഗ്

xiii) പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്നവർക്ക് ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർന്ന് പഠിക്കുന്നതിനുള്ള ഫീസാനുകൂല്യം.

xiv) പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകൾക്ക് അവർക്ക് നീക്കിവെച്ച സീറ്റുകളിൽ പ്രവേശനം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചു.

പട്ടികവിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച മറ്റു നടപടികൾ അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പട്ടിക വിഭാഗങ്ങൾക്ക് വിദേശ പഠനത്തിന് സഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ഡി) | വിദേശ പഠനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്ന് 10 ലക്ഷം രൂപ വരെ വായ്പയായി നൽകുന്ന പദ്ധതി നിലവിലുണ്ട്. ഇതിൽ 5 ലക്ഷം രൂപക്ക് 6% പലിശയും 5 ലക്ഷം രൂപക്ക് മുകളിൽ 8.5% പലിശയുമാണ് ഉള്ളത്. വിദേശ പഠനത്തിന് 5 ലക്ഷം രൂപ.വരെ വകുപ്പിൽനിന്ന് ഗ്രാന്റായി അനുവദിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി 2009-10 പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 244 04.12.2008-ൽ മറുപടിയ്ക്ക്

## വൈദ്യുതി ചാർജ് ഇനിയും വർദ്ധിപ്പിക്കുവാൻ നിർദ്ദേശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സി. ജോസഫ് :<br>ശ്രീ. എ.പി. അനിൽ കുമാർ :<br>ശ്രീ. കെ.ബാബു : | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ചാർജ്ജ് ഇനിയും വർദ്ധിപ്പിക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; | (എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. ചാർജ് വർദ്ധനവ് തീരുമാനിക്കാനുള്ള അധികാരം റഗുലേറ്ററികമ്മീഷനാണ്. |
| (ബി) 2008 ഓഗസ്റ്റ് 1-ന് ശേഷം നവംബർ വരെ അധികമായി എത്ര യൂണിറ്റ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്ന് വാങ്ങിയെന്നും ഇതിന് എന്തു വില നൽകേണ്ടിവന്നു എന്നും വെളിപ്പെടുത്തുമോ ; | (ബി) 2008-09 സാമ്പത്തികവർഷം സംസ്ഥാനത്ത് മുൻവർഷത്തേക്കാൾ 948 ദശലക്ഷം യൂണിറ്റ് അധിക ഉപഭോഗമാണ് കണക്കാക്കിയിട്ടുള്ളത് നടപ്പു സാമ്പത്തിക വർഷം നവംബർ വരെ കേന്ദ്രപൂളിൽ നിന്നും മുൻവർഷത്തേക്കാൾ വൈദ്യുതി അധികമായി ലഭിച്ചില്ല. മാത്രമല്ല മുൻവർഷത്തേക്കാൾ 398 ദശലക്ഷം യൂണിറ്റ് വൈദ്യുതി കുറവു മാത്രമേ ലഭിച്ചുള്ളു. 2008 ആഗസ്റ്റ് മുതൽ നവംബർ വരെ കേന്ദ്രപൂളിൽ നിന്നും 1995 ദശലക്ഷം വൈദ്യുതി മാത്രമേ ലഭിച്ചുള്ളു. എന്നാൽ 2007-08 സാമ്പത്തികവർഷം ഈ കാലയളവിൽ 2244 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേന്ദ്ര പൂളിൽ നിന്നും ലഭിച്ചിരുന്നു. അതായത് ഈ കാലയളവിൽ കേന്ദ്രപൂളിൽ നിന്നും 249 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കുറവുണ്ടായി. |

ഇതിനു പുറമേ കേന്ദ്ര പൂളിൽ നിന്നുണ്ടായ വൈദ്യുതിയുടെ കുറവും മഴയുടെ ലഭ്യതയിൽ വന്ന കുറവു മൂലം ജലവൈദ്യുതി ഉൽപാദനത്തിൽ വന്ന കുറവും നികത്തുന്നതിന് ഈ സാമ്പത്തിക വർഷം നവംബർ 1 വരെ 1331 മില്ല്യൺ യൂണിറ്റ് വൈദ്യുതി വിവിധ താപ നിലയങ്ങളിൽ നിന്നും ദേശീയ പവർ എക്സ്ചേഞ്ച് അടക്കമുള്ള മറ്റു സ്രോതസ്സുകളിൽ നിന്നും വാങ്ങേണ്ടി വന്നു. ഇതിനായി 1020 കോടി രൂപ ചെലവഴിച്ചു.

| | |
|---|---|
| (സി) തെർമൽ സർചാർജ്ജ് എന്നു മുതലാണ് ഏർപ്പെടുത്തിയതെന്നും 2008 നവംബർ വരെ ഈ ഇനത്തിൽ അധികമായി എത്ര രൂപയ്ക്ക് ബില്ല് നൽകിയിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ ? | (സി) തെർമൽ സർചാർജ് സംസ്ഥാനത്ത് ഏർപ്പെടുത്തിയത് 20.08.2008 മുതലാണ്. തെർമൽ സർചാർജ് ഇനത്തിൽ നവംബർവരെ 25,86,76,653 രൂപയക്ക് എച്ച്.ടി/ഇ.എച്ച്.ടി. ഉപഭോക്താക്കൾക്ക് ബില്ല് നൽകിയിട്ടുണ്ട്. എൽ.ടി. ഉപഭോക്താക്കളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |

KGNeerakumi

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:245  4-12-2008 ൽ മറുപടിയ്ക്ക്

### വൈദ്യുതി ബോർഡിന്റെ അണക്കെട്ടുകളിൽ അടിഞ്ഞു കിടക്കുന്ന ചെളി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ. ദിവാകരൻ<br>,, ബി.ഡി. ദേവസ്സി<br>,, വി.ജെ. തങ്കപ്പൻ<br>,, കെ.കെ. ജയചന്ദ്രൻ<br>,, സാജു പോൾ | ശ്രീ എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിന്റെ അണക്കെട്ടുകളിൽ വൻ തോതിൽ ചെളി അടിഞ്ഞു കൂടിയതുമൂലം പൂർണ്ണതോതിൽ ജലസംഭരണം നടത്താൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വൈദ്യുതി ബോർഡിന്റെ അണക്കെട്ടുകളിൽ വൻതോതിൽ ചെളി അടിഞ്ഞുകൂടിയിട്ടില്ല. എന്നാൽ നേരിയ തോതിൽ ചെളി അടിഞ്ഞു കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. വൈദ്യുതി ബോർഡിന്റെ പ്രധാന ജലസംഭരണികളിൽ (ഷോളയാർ, ഇടമലയാർ ഒഴികെ) സിൽറ്റ് നിക്ഷേപം സംബന്ധിച്ച പഠനങ്ങൾ റെയിൽ ഇന്ത്യാ ടെക്നിക്കൽ ആന്റ് ഇക്കണോമിക് സർവ്വീസസ് (റൈറ്റ്സ്) [RITES], സി.ഡബ്ല്യൂ.ആർ.ഡി.എം [CWRDM] എന്നീ ഏജൻസികൾ വഴി നടത്തിയിട്ടുണ്ട്. |
| (സി) ഏതെല്ലാം ഡാമുകളിൽ കൂടുതലായി ചെളി അടിഞ്ഞു കൂടിയതായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) 1991-99 കാലഘട്ടത്തിൽ CWRDM നടത്തിയ പഠനത്തിൽ ചെറിയ സംഭരണികളായ കല്ലാർകുട്ടി, പൊൻമുടി, പൊരിങ്ങൽകുത്ത്, ആനയിറങ്കൽ, കുറ്റ്യാടി എന്നിവയിൽ ചെളി അടിഞ്ഞുകൂടിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) ഇവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) ഡാമുകളിൽ അടിഞ്ഞുകൂടുന്ന ചെളി സ്കവർ സ്ലൂയിസ് വഴി ഒഴുക്കിക്കളയുന്നതിനുള്ള സംവിധാനം ഡാമുകളിലുണ്ട്. ചെളി അടിയുന്നതുമൂലമുള്ള പ്രശ്നം രൂക്ഷമാകുമ്പോൾ മഴക്കാലങ്ങളിൽ ഇത് ഒഴുക്കിക്കളയുന്ന നടപടി സ്വീകരിക്കാറുണ്ട്. |
| (ഇ) പ്രധാന ഡാമുകളിൽ നിന്നും ചെളി നീക്കം ചെയ്യുന്നതിന് കാലക്രമം നിശ്ചയിച്ച് അതിൻപ്രകാരം നടപടി സ്വീകരിക്കുമോ? | (ഇ) വിസ്തൃതമായ ജലസംഭരണിയിൽ നിന്നും സിൽറ്റ് ശേഖരിച്ചു മാറ്റുന്നത് അപ്രായോഗികവും ചെലവേറിയതുമാണ്. ഓട്, ഇഷ്ടിക മുതലായവയുടെ നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായി ജലസംഭരണികളിലെ സിൽറ്റ് ഉപയോഗിക്കുന്നതിന്റെ സാധ്യതയെക്കുറിച്ച് പഠനം നടത്തിയെങ്കിലും ഇത് വിജയകരമായില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:246 04-12-2008 ൽ മറുപടിക്ക്

## ഭൂമിവില സംബന്ധിച്ച അന്തിമ വിജ്ഞാപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>,, ബാബു എം. പാലിശ്ശേരി<br>,, എം. ഹംസ<br>,, എം.ജെ. ജേക്കബ്<br>,, പി. കൃഷ്ണ പ്രസാദ് | ശ്രീ. എസ്. ശർമ്മ<br>(ഫിഷറീസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഭൂമിയുടെ വില നിർണ്ണയിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) 2008 മെയ് 5-ാം തീയതിയിലെ നോട്ടിഫിക്കേഷൻ നമ്പർ 6560/E2/2007/TD മുഖേന 872-ാം നമ്പർ അസാധാരണ ഗസറ്റായി പ്രിന്റ് ചെയ്ത ഭൂമിയുടെ ഫെയർ വാല്യൂ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച കരട് വിജ്ഞാപനത്തിന്മേൽ ലഭിച്ച പരാതികൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) കരട് വിജ്ഞാപനത്തിന്മേൽ ലഭിച്ച എല്ലാ പരാതികളും നിയമാനുസരണം ആർ.ഡി.ഒ മാർ പരിശോധിച്ചിട്ടുണ്ട്. |
| (സി) ഭൂമി വില സംബന്ധിച്ച അന്തിമ വിജ്ഞാപനം എന്ന് പ്രസിദ്ധീകരിക്കും എന്ന് അറിയിക്കുമോ; | (സി) ആർ.ഡി.ഒ മാർ കരട് ഫെയർ വാല്യൂവിലെ പരാതികൾ പരിഹരിച്ച് നൽകിയ ന്യായവിലയിലും അപാകതകൾ കണ്ടെത്തിയതിനെ തുടർന്ന് അവ വീണ്ടും പരിശോധനയ്ക്ക് വിധേയമാക്കി വരികയാണ്. പരാതി ഇല്ലാതെതന്നെ അപാകതകൾ പരിശോധിച്ച് പരിഹരിക്കുകയാണ്. താമസം വിനാ നടപടിപൂർത്തിയാക്കുന്നതാണ്. ആർ.ഡി.ഒ. മാർ അപാകതകളുടെ പരിഹാരനടപടി പൂർത്തിയാക്കിയാലുടൻ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണ്. |

| | |
|---|---|
| (ഡി) അന്തിമ വിജ്ഞാപനം തയ്യാറാക്കുമ്പോൾ ആഗോള സാമ്പത്തിക മാന്ദ്യം മൂലം റിയൽ എസ്റ്റേറ്റു മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റം കൂടി പരിഗണിക്കുമോ? | (ഡി) അന്തിമ വിജ്ഞാപനം തയ്യാറാക്കുമ്പോൾ കേരളാസ്റ്റാമ്പ് ആക്ട് 28 എ വകുപ്പിലും കേരളാ മുദ്രപത്രം (ഭൂമിയുടെ ന്യായവില നിർണയം) ചട്ടങ്ങളിലെ ചട്ടം 3 ലും നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിക്കുന്നതും നിയമാനുസരണം പ്രസക്തമായ എല്ലാ കാര്യങ്ങളും കണക്കിലെടുക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 247 — 04..12..2008 ൽ മറുപടിയ്ക്ക്

## കാറ്റിൽ നിന്നും വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കാൻ അനുയോജ്യമായ എത്ര സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട് ; | (ബി) 17 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) പദ്ധതി നടപ്പാക്കുന്നതിന് സ്വകാര്യ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഇപ്പോൾ എത്ര കാറ്റാടി യന്ത്രങ്ങൾ പ്രവർത്തിക്കുന്നു; ഇവയുടെ പ്രവർത്തനം തൃപ്തികരമാണോ; | (ഡി) ഇപ്പോൾ 41 കാറ്റാടിയന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെയെല്ലാം പ്രവർത്തനം തൃപ്തികരമാണ്. |
| (ഇ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി ചെലവു കുറഞ്ഞ കാറ്റാടി യന്ത്ര പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ കാറ്റിൽ നിന്നുള്ള വൈദ്യുതിയെ മാത്രമായി ആശ്രയിക്കാനാവില്ല. കാറ്റാടിയന്ത്രങ്ങൾ ഉൾപ്പെടെ എല്ലാ ഊർജ്ജസ്രോതസ്സുകളും ഉപയോഗപ്പെടുത്തി പ്രതിസന്ധി മറികടക്കാനാണ് ശ്രമിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.248** — **4.12.2008 -ൽ മറുപടിക്ക്**

## കുടുംബശ്രീ പദ്ധതിയുടെ പ്രവർത്തനങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ.എസ്.സലീഖ<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) | കുടുംബശ്രീ പദ്ധതിയുടെ കഴിഞ്ഞ പത്തു വർഷത്തെ പ്രവർത്തനങ്ങൾ വിശദമായ പരിശോധനയ്ക്കു വിധേയമാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | കുടുംബശ്രീ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. നഗര-ഗ്രാമ പ്രദേശങ്ങളിലെ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ രേഖകൾ ചിട്ടപ്പെടുത്തുന്നതിനും, കണക്കെഴുത്ത് രീതി ക്രമീകരിക്കുന്നതിനും, പ്രത്യേകമായി നിയോഗിച്ച 15000 സന്നദ്ധ ആഡിറ്റിംഗ് ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ ഒരു പ്രവർത്തനം ക്യാമ്പയിൻ രൂപത്തിൽ സംഘടിപ്പിച്ചു. കൂടാതെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെയും ശാക്തീകരണത്തിനും, നിർവ്വഹണ തടസ്സങ്ങൾ, പോരായ്മകൾ എന്നിവ പരിഹരിക്കുന്നതിനും സംഘടനാ ശാക്തീകരണ പരിപാടി നടപ്പിലാക്കിവരുന്നുണ്ട്. കുടുംബശ്രീ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെയും, പ്രവർത്തനമേഖല ശാസ്ത്രീയമായി പുനർനിർണ്ണയിക്കുന്നതിന്റെയും ഭാഗമായി നഗര/ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ ബൈലോ ഏകീകരിച്ച് പരിഷ്കരിച്ചിട്ടുണ്ട് കൂട്ടാതെ ത്രിതല സംഘടനാ സംവിധാനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് കൂടുതൽ ജനാധിപത്യപരമായും, സുതാര്യമായും നടത്തുന്നതിന് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ തെരഞ്ഞെടുപ്പ് സംവിധാനവും രൂപീകരിച്ചിട്ടുണ്ട്. സംഘടനാ സംവിധാനത്തിന്റെ സാമ്പത്തിക വിനിയോഗരീതി |

| | | | |
|---|---|---|---|
| | | | കൂടുതൽ വ്യവസ്ഥാപിതമാക്കുന്നതിന് എല്ലാ കുടുംബശ്രീ സിഡിഎസുകളിലും കരാറടിസ്ഥാനത്തിൽ അക്കൗണ്ടന്റുമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ സംരംഭസാധ്യതാ രജിസ്റ്റർ, സ്പെഷ്യൽ ലൈവിലി ഹുഡ് പ്രോജക്ട്, പട്ടിക വർഗ്ഗവിഭാഗക്കാർക്കായിട്ടുള്ള പ്രത്യേക പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | കുടുംബശ്രീയിൽ ഇപ്പോൾ ആകെ എത്ര അംഗങ്ങളുണ്ട്; | (സി) | കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ആകെ മുപ്പത്തി ആറ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ച് പേർ അംഗങ്ങളായുണ്ട്. |
| (ഡി) | ഇവർക്ക് എത്ര കോടി രൂപയുടെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്; | (ഡി) | 2848.39/- കോടി രൂപ ആന്തരിക വായ്പയായി അംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമേ ലിങ്കേജ് ലോണായി 640.54 കോടി രൂപയും ലഭ്യമായിട്ടുണ്ട് |
| (ഇ) | സേവന മേഖലയിലും ചെറു ഉല്പാദന സംരംഭങ്ങളിലും കുടുംബശ്രീ കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ; | (ഇ) | സേവന, ഉൽപാദന മേഖലകളിലെ സാധ്യതകൾ പ്രയോജനപ്പെടുത്തിയാണ് നിരവധി തൊഴിൽ സംരംഭങ്ങൾ കുടുംബശ്രീ ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീയുടെ സൂക്ഷ്മ സ്വയം തൊഴിൽ, യുവശ്രീ എന്നീ പദ്ധതികൾ പ്രകാരം 4800 ഗ്രൂപ്പ് സംരംഭങ്ങളും, 1500 വ്യക്തിഗത സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. കുടംബശ്രീ ഐറ്റി. യൂണിറ്റുകൾ, ക്യാന്റീൻ/കാറ്ററിംഗ് യൂണിറ്റുകൾ, ഖരമാലിന്യ മാനേജ്മെന്റ് യൂണിറ്റുകൾ, ആഡിറ്റിംഗ് & അക്കൗണ്ടിംഗ് യൂണിറ്റുകൾ, പരിശീലന യൂണിറ്റുകൾ എന്നിവ സേവന മേഖല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്രധാന കുടംബശ്രീ യൂണിറ്റുകളാണ്. തൊഴിൽ സംരംഭ വികസനത്തിന് ഉൽപാദനത്തിലധിഷ്ഠിതമായി ഒരു നൂതന മാതൃക, സമഗ്ര എന്ന പേരിൽ കുടുംബശ്രീ ആവിഷ്കരിച്ചിട്ടുണ്ട്. ചെറുതും, വലുതുമായ നിരവധി സമഗ്ര പദ്ധതികളാണ് വിവിധ ജില്ലകളിൽ നടപ്പിലാക്കിവരുന്നത്. നിരവധി ഉൽപാദന തൊഴിൽ ഗ്രൂപ്പുകളും സമഗ്ര പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്. കുടുംബശ്രീ ഉൽപ്ന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ഉറപ്പാക്കുന്നതിനു വേണ്ടി ആരംഭിച്ച മാസചന്തകൾ മികച്ച പ്രതികരണമാണ് നൽകുന്നത്. പ്രദേശീക വിപണിയിൽ മാത്രം കേന്ദ്രീകരിച്ചിരുന്ന കുടംബശ്രീ ഉൽപന്നങ്ങളെ കൂടുതൽ മെച്ചപ്പെട്ട വിപണന സാധ്യതകളിലേക്ക് കൈപിടിച്ചുയർത്തുന്നതിനും, ഉൽപന്നങ്ങളുടെ ഗുണനിലവാരവും, പാക്കിംഗും മെച്ചപ്പെടുത്തന്നതിനും മാസചന്തകൾ |

| | | | |
|---|---|---|---|
| | | | പ്രയോജനപ്പെടുന്നുണ്ട്. മാസചന്തകളുടെയും, കുടുംബശ്രീ ഓണചന്തകളിലൂടെയും ആകെ 4,44,50,000/- രൂപയുടെ കുടുംബശ്രീ ഉൽപന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കുടുംബശ്രീ ഉൽപന്നങ്ങളുടെ വിപണി വികസനത്തിന്റെയും, കേന്ദ്രീകൃത വിപണന സംവിധാനം രൂപപ്പെടുത്തുന്നതിന്റെയും ഭാഗമായി കുടുംബശ്രീയുടെ തനത് വിൽപനശാലകൾ ഘട്ടംഘട്ടമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും, സ്ഥാപിക്കുന്നതിന് പ്രവർത്തന രൂപരേഖ തയ്യാറാക്കി വരുന്നു. കുടുംബശ്രീ ഉൽപന്നങ്ങളുടെ നെറ്റ് വർക്കിംഗിനും, ക്ലസ്റ്ററിംഗിനും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. |
| (എഫ്) | കാർഷിക മേഖലയിൽ കുടുംബശ്രീയുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ? | (എഫ്) | കുടുംബശ്രീ സംഘടനയുടെ സർഗ്ഗാത്മക സംഘടനാ ശേഷി ഉൽപാദന വർദ്ധനവിന് പ്രയോജനപ്പെടുത്തിക്കൊണ്ട് കാർഷിക മേഖലയിൽ നിരവധി ഇടപെടലുകൾക്കാണ് കുടുംബശ്രീ മിഷൻ രൂപം നൽകിയിരിക്കുന്നത്. പാട്ട കൃഷി , സമഗ്ര തുടങ്ങിയ പ്രവർത്തനങ്ങളാണ് കാർഷിക മേഖല കേന്ദ്രീകരിച്ച് കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്നത്. ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ ലഘൂകരണം, വരുമാന വർദ്ധനവ്, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ ലക്ഷ്യത്തോടെ ഓരോ ജില്ലയിലും ഏതെങ്കിലും ഒരു കാർഷിക ഉൽപന്നത്തെയോ തൊഴിലിനെയോ അടിസ്ഥാനമാക്കി പ്രാദേശിക ഉൽപാദന വിപണന ശൃംഖല സൃഷ്ടിക്കുന്ന പദ്ധതിയാണ് സമഗ്ര. ഉല്പാദനക്ഷമത ഉയർത്തുക, ഗുണമേന്മ വർദ്ധിപ്പിക്കുക, ഉല്പന്ന വൈവിധ്യവൽക്കരണം സാധ്യമാക്കുക, വിപണി ഉറപ്പാക്കുക, എന്നിവ സാധ്യമാക്കുന്നതിലേക്കായി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോഗത്തിൽ വരുത്തുമ്പോൾ, അതിന് ആവശ്യമായ പ്രാദേശിക കാര്യശേഷിവികാസവും/സ്ഥായീകരണവും പദ്ധതി വിഭാവനം ചെയ്യുന്നു തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ സമഗ്രപദ്ധതികൾ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 249. 04-12-.2008- ൽ മറുപടിയ്ക്ക്

## മത്സ്യ ഇറക്കുമതി

ചോദ്യം | മറുപടി

ശ്രീ.എൻ.രാജൻ :
ശ്രീ.പി.തിലോത്തമൻ :
ശ്രീ.ബാബു പോൾ :
ശ്രീ.രാജാജി മാത്യു തോമസ് :
ശ്രീ.വി.എസ്.സുനിൽകുമാർ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മത്സ്യം ഇറക്കുമതിക്ക് കേന്ദ്രാനുമതി നൽകിയതായി അറിവുണ്ടോ ; എങ്കിൽ ഏതെല്ലാം രാജ്യങ്ങളിൽനിന്നും ഏതെല്ലാം ഇനം മത്സ്യങ്ങൾക്കാണ് ഇറക്കുമതി അനുവാദം നൽകിയിട്ടുള്ളത് ; | (എ) ഉണ്ട്. പ്രധാനമായും തായ്ലണ്ട്, യൂറോപ്യൻ യൂണിയൻ എന്നീ രാജ്യങ്ങളിൽനിന്നാണ് മത്സ്യം ഇറക്കുമതി ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. |
| (ബി) ഇവയിൽ സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന ഏതെല്ലാം ഇനം മത്സ്യങ്ങളുണ്ടെന്നു വെളിപ്പെടുത്തുമോ ; | (ബി) ഇവയിൽ സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന ഫ്ളാറ്റ് ഫിഷ് സോൾ, നെയ്മീൻ, ചൂര, ബിഗ് ഐ ട്യൂണ, ബ്ലൂഫിൻ ട്യൂണ, ചാള, അയല, ഡോഗ് ഫിഷ്, ആവോലി, പനുലീറസ്, ലോബ്സ്റ്റേഴ്സ്, ചെമ്മീൻ, ഞണ്ട്, ഒയിസ്റ്റേഴ്സ്, നോട്ടോഡോറസ്, കട്ടിൽ ഫിഷ്, സ്ക്വിഡ്, ഫ്രോസൻ ഷാർക്ക്, ക്ലുപ്പീഡ്സ് തുടങ്ങിയവയും ഉൾപ്പെട്ടിരുന്നു. |
| (സി) ഇതിനെതിരായി എന്തെങ്കിലും നിവേദനം കേന്ദ്രത്തിനു സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (സി) ഇവയിൽ സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന മത്സ്യഇനങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം സംസ്ഥാനത്തെ മത്സ്യമേഖലയിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ചൂണ്ടിക്കാണിച്ച് ബഹു. മുഖ്യമന്ത്രിയും, ഫിഷറീസ് വകുപ്പുമന്ത്രിയും യഥാക്രമം പ്രധാനമന്ത്രിയെയും കേന്ദ്രവാണിജ്യമന്ത്രിയെയും സംസ്ഥാനത്തിൻെറ പ്രതിഷേധം അറിയിച്ചിരുന്നു. |

| | |
|---|---|
| | തായ്‌ലൻറ്, യൂറോപ്യൻ യൂണിയൻ എന്നീ രാജ്യങ്ങളുമായുള്ള വ്യാപാര ഉടമ്പടയിൽ കേരള തീരത്ത് സുലഭമായി ലഭിക്കുന്ന ഇനങ്ങളായ ചാള, ചൂര, അയല, നെത്തോലി, കൊഞ്ച്, ഞണ്ട് എന്നിവ ഇറക്കുമതിപ്പട്ടികയിൽ ഉണ്ടായിരുന്നത് മത്സ്യമേഖലയുടെ നിലനിൽപ്പിനെ തകർക്കുമെന്ന് അറിയിച്ചതിൻെറഫലമായി യൂറോപ്യൻ യൂണിയനുമായി ബന്ധപ്പെട്ട് സ്വതന്ത്രവ്യാപാര കരാറിൽ ഉൾപ്പെടുന്ന ഇനങ്ങളെ നെഗറ്റീവ് ലിസ്റ്റിലും ഓപ്പൺലിസ്റ്റിലും ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചാള, നെത്തോലി, ചൂര, കൊഞ്ച്, ഞണ്ട് എന്നീ മത്സ്യഇനങ്ങളെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

തായ്‌ലന്റ് ,യൂറോപ്യൻ യൂണിയൻ എന്നീ രാജ്യങ്ങളുമായുള്ള വ്യാപാര ഉടമ്പടിയിൽ കേരള തീരത്ത് സുലഭമായി ലഭിക്കുന്ന മത്സ്യ ഇനങ്ങളായ ചാള, ചൂര, അയല, നെത്തോലി, കൊഞ്ച്, ഞണ്ട് എന്നിവ ഉൾപ്പെടുന്ന മത്സ്യ ഇനങ്ങളും ഇറക്കുമതി പട്ടികയിൽ ഉണ്ടായിരുന്നത് മത്സ്യമേഖലയുടെ നിലനിൽപ്പിനെ തകർക്കുമെന്ന് ബഹു : മുഖ്യമന്ത്രിയും ബഹു :ഫിഷറീസ് വകുപ്പ് മന്ത്രിയും സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കുകയുണ്ടായി. തൽഫലമായി യുറോപ്യൻ യൂണിയനുമായി ബന്ധപ്പെട്ട സ്വതന്ത്ര വ്യാപാര കരാറിൽ ഉൾപ്പെടുന്ന ഇനങ്ങളെ നെഗറ്റീവ് ലിസ്റ്റിലും ഓപ്പൺ ലിസ്റ്റിലും ഉൾപ്പെടുത്തി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചാള ,നെത്തോലി,ചൂര കൊഞ്ച്, ഞണ്ട് എന്നീ മത്സ്യ ഇനങ്ങളെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 250

4. 12. 2008-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. പ്രദീപ് കുമാർ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു. | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | എ) മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിലേക്ക് വിവിധ വിഭാഗം അംശാദായകരിൽനിന്ന് ലഭിക്കുവാനുള്ള കുടിശ്ശിക വിഹിതം പിരിച്ചെടുക്കുന്നതിനും വിവിധ വിഭാഗം അംശാദായകരുടെ അംശാദായ തുക വർദ്ധിപ്പിക്കുന്നതിനുമാവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ച് ബോർഡിൽ ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് കുടിശ്ശികയായ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. സർക്കാർ ഗ്രാന്റുള്ള പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതമായും, അധിക അലോട്ട്മെന്റായും തുക ലഭ്യമാക്കി കച്ചവടക്കാരിൽനിന്ന് സെസ്സ് ഈടാക്കുന്നതിന് സെസ്സ് ആക്ടിന് രൂപം നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) മത്സ്യത്തൊഴിലാളി ക്ഷേമ സെസ് നിയമം നടപ്പാക്കിയതിനെ തുടർന്ന് സെസ് ഇനത്തിൽ എത്ര ലക്ഷം രൂപ ക്ഷേമനിധി ബോർഡിന് അധികമായി ലഭിച്ചു; | ബി) സെസ്സ്ദായകർക്ക് നോട്ടീസ് നൽകി സെസ്സ് പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
| --- | --- |
| സി) ക്ഷേമനിധി ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | സി) മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡു മുഖേന നടപ്പിലാക്കിവരുന്ന മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ 01.04.08 മുതൽ പ്രതിമാസം 120/- രൂപയിൽ നിന്ന് 200/- രൂപയായും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് നൽകുന്ന പെൻഷൻ (വിധവാ പെൻഷൻ) 01.04.08 മുതൽ പ്രതിമാസം 120/- രൂപയിൽ നിന്ന് 200/- രൂപയായും വർദ്ധിപ്പിച്ച് നൽകുന്നുണ്ട്. അനുബന്ധത്തൊഴിലാളികൾക്ക് നൽകി വരുന്ന വാർദ്ധക്യകാല പെൻഷൻ 01.09.08 മുതൽ പ്രതിമാസം 75/- രൂപയിൽ നിന്ന് 200 രൂപയായി വർദ്ധിപ്പിച്ചു നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മത്സ്യബന്ധനോപകരണങ്ങളായ വള്ളം, എഞ്ചിൻ എന്നിവയുടെ നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് രക്ഷ നൽകുന്ന പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. ആയതിന് നിശ്ചിത വിലയുടെ 1.8% ആണ് പ്രീമിയം. പ്രസ്തുത പ്രീമിയം തുകയുടെ 75% സർക്കാർ ഗ്രാന്റുംബാക്കിവരുന്ന 25% മത്സ്യത്തൊഴിലാളി വിഹിതവുമാണ്. |
| ഡി) പെൻഷന്റെയും മറ്റു ആനുകൂല്യങ്ങളുടെയും കുടിശ്ശിക തീർത്ത് നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഈ ഇനത്തിൽ എത്ര രൂപ വിതരണം ചെയ്തിട്ടുണ്ട്? | ഡി) മത്സ്യബോർഡു നടപ്പിലാക്കുന്ന പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പദ്ധതികളിൽ 01.04.06 മുതൽ 31.08.08 വരെയുള്ള കുടിശ്ശിക 2008 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഉൾപ്പെടെ 21,47,49,173/- രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

8

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.251 04-12-2008-ന് മറുപടിക്ക്

## പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ<br>ശ്രീ.പി.ജയരാജൻ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.അൽഫോൺസ് കണ്ണന്താനം | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ചെറുകിട ഇടത്തരം പട്ടണങ്ങളുടെ പശ്ചാത്തല സൗകര്യ വികസന പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | എ) ചെറുതും ഇടത്തരവുമായ പട്ടണങ്ങളുടെ പശ്ചാത്തല വികസന പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>1) നഗരങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുക, ദീർഘകാലം നീണ്ടുനിൽക്കുന്ന/ഈടുള്ള പൊതുസ്വത്തുക്കൾ ഉണ്ടാക്കുക, മികച്ച സേവനം കാഴ്ച വയ്ക്കുക.<br>2) പൊതുജന-സ്വകാര്യ പങ്കാളിത്തത്തോടെ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുക<br>3) നഗരങ്ങളുടെയും പട്ടണങ്ങളുടെയും സംയോജിത വികസനം ഉറപ്പാക്കുക. |
| ബി) ഏതെല്ലാം നഗരസഭകളിൽ ഏതെല്ലാം പദ്ധതികൾ ആണ് 2007-08-ൽ നടപ്പാക്കുന്നത്; | ബി) 2006-07-ൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച 10 പട്ടണങ്ങളിൽ, ഒൻപതു പട്ടണങ്ങൾക്ക് ഇതിനോടകം കേന്ദ്ര |

സഹായം ലഭ്യമായിട്ടുണ്ട്. കേന്ദ്ര സഹായം ലഭ്യമായത് 2008-09-ൽ ആയതിനാൽ 2007-08-ൽ നഗരസഭകൾ പദ്ധതികൾ ഒന്നും യു.ഐ.ഡി.എസ്.എസ്.എം. ടിയിൽ നടപ്പാക്കിയിട്ടില്ല. 2006-07-ൽ അംഗീകരിച്ച പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്.

സി) സംസ്ഥാനതല സമിതിയുടെ അംഗീകാരം ലഭിച്ച പദ്ധതികൾ പൂർത്തിയാക്കുന്നതിന് ആകെ എത്ര തുക ആവശ്യമായി വരുന്നുവെന്ന് അറിയിക്കാമോ;

സി) സംസ്ഥാനതല സാങ്ഷനിംഗ് കമ്മിറ്റി ഇതുവരെ 574.93 കോടി രൂപയുടെ ഇരുപത്തേഴ് പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, കേരളത്തിനായുള്ള കേന്ദ്ര വിഹിതം 232.82 കോടി രൂപ മാത്രമാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ, നിലവിലുള്ള മാർഗ്ഗ നിർദ്ദേശമനുസരിച്ച് 285.67 കോടി രൂപയുടെ പദ്ധതികൾക്ക് മാത്രമെ കേന്ദ്ര സഹായം ലഭിക്കുയുള്ളു. കൂടാതെ ടെണ്ടർ എക്സസും വരാവുന്നതാണ്.

.............3/-

ഡി) ഇതിൽ കേന്ദ്ര-സംസ്ഥാന-നഗര സഭാ വിഹിതം എത്രയാണ് എന്ന് വിശദീകരിക്കാമോ;

ഡി) സംസ്ഥാന തല സാങ്ഷനിംഗ് കമ്മിറ്റി ഇതിനോടകം അംഗീകരിച്ച പദ്ധതികളുടെ കേന്ദ്ര/സംസ്ഥാന/നഗരസഭ വിഹിതം അനുബന്ധമായി ചേർക്കുന്നു.

ഇ) പദ്ധതി എത്ര വർഷംകൊണ്ട് പൂർത്തിയാക്കും എന്ന് അറിയിക്കുമോ?

ഇ) യു.ഐ.ഡി.എസ്.എസ്.എം.ടി. യിൽ ഉൾപ്പെട്ട എല്ലാ പദ്ധതികളും പദ്ധതി കാലാവധിയായ 2011-2012-നകം പൂർത്തിയാക്കേണ്ടതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 252 04..12..2008 ൽ മറുപടിയ്ക്ക്

## തിരമാലകളിൽ നിന്നും വൈദ്യുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. യു. സി. രാമൻ<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) തിരമാലകളിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) തിരമാലകളിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതികളൊന്നും തന്നെ ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല |
| (ബി) ഇതിൽ ഏതെങ്കിലും പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി), (സി), & (ഡി) ബാധകമല്ല. |
| (സി) തിരമാലകളിൽ നിന്നുള്ള വൈദ്യുതി ഉല്പാദനച്ചെലവ് മറ്റുള്ള സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുന്നതിനേക്കാൾ കുറവാണെന്ന കണക്ക് കിട്ടിയിട്ടുണ്ടോ ; | |
| (ഡി) എങ്കിൽ ഇത്തരം പദ്ധതികൾ സംസ്ഥാനത്തിൻെറ പലഭാഗങ്ങളിലും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | |

Ramni(?)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 253    04.12.2008-ൽ മറുപടിയ്ക്ക്

പ്രസരണ നഷ്ടം കുറയ്ക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൽഫോൺസ് കണ്ണന്താനം :<br>ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ.വി.എൻ. വാസവൻ :<br>ശ്രീ.കെ.ടി. ജലീൽ :<br>ശ്രീ. ജോർജ്ജ് എം. തോമസ്: | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി വൈദ്യുതി ബോർഡ് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ ; | (എ) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക, സബ്സ്റ്റേഷനുകളും ലൈനുകളും അപ്ഗ്രേഡ് ചെയ്യുക, കപ്പാസിറ്റർ ബാങ്കുകൾ സ്ഥാപിക്കുക, നിലവിലുള്ള ലൈനുകളുടെ റീ കണ്ടക്ടറിംഗ് ചെയ്യുക മുതലായ പ്രവൃത്തികൾ ത്വരിതഗതിയിൽ നടത്തിവരുന്നു. |
| (ബി) ഇതിനായി ഈ സർക്കാർ വന്ന ശേഷം എത്ര സബ്സ്റ്റേഷനുകൾ സ്ഥാപിച്ചു ; എത്ര സബ്സ്റ്റേഷനുകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ 43 സബ്സ്റ്റേഷനുകളും അനുബന്ധലൈനുകളും സ്ഥാപിച്ചിട്ടുണ്ട്.<br>2008-09-ൽ 66 സബ്സ്റ്റേഷനുകളാണ് സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ നാളിതുവരെ ഒരു 110 കെ.വി. സബ്സ്റ്റേഷനും എട്ട് 33 കെ.വി. സബ്സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | ഇപ്പോൾ എത്ര ശതമാനം വൈദ്യുതിയുടെ പ്രസരണ നഷ്ടമാണ് ഉള്ളത് ; | (സി) | 2008-09 ശരാശരി പ്രസരണ നഷ്ടം 5.62% ആണ്. |
| (ഡി) | വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി പ്രകാരം എത്ര ട്രാൻസ്ഫോർമറുകൾ ഈ സർക്കാർ വന്നശേഷം സ്ഥാപിച്ചിട്ടുണ്ട് ? | (ഡി) | ഈ സർക്കാർ വന്നശേഷം ആകെ 6300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 3159 എണ്ണം വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി മുഖേന സ്ഥാപിച്ചവയാണ്. |

K. Lalitha Rani

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : 254 — 04-12-2008-ൽ മറുപടിക്ക്

## വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. കെ. സുധാകരൻ | | ശ്രീ. എ. കെ. ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി) |
| എ. ഈ സർക്കാർ നിലവിൽ വന്നശേഷം വൈദ്യുതിയുടെ ചാർജ്ജിൽ വരുത്തേണ്ടതായ വ്യത്യാസങ്ങൾ സംബന്ധിച്ച് അനുമതി ലഭിക്കുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ വൈദ്യുതി ബോർഡ് സമർപ്പിച്ചത്; | എ. | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23-05-07-ൽ സംസ്ഥാന വൈദ്യുതി ബോർഡ് നിരക്ക് വർദ്ധനവിനും കാറ്റഗറി പുന:സംഘടനയ്ക്കുമായി നിർദ്ദേശങ്ങൾ കമ്മീഷനിൽ നൽകുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി. ഇതിൽ എന്തെല്ലാം നിർദ്ദേശങ്ങൾ പൂർണ്ണമായോ ഭാഗികമായോ കമ്മീഷൻ അംഗീകരിച്ചു; | ബി. | ഇവയിൽ വൈദ്യുതി നിരക്ക് വർദ്ധനവിനും കാറ്റഗറി പുന:സംഘടനയ്ക്കുമുള്ള നിർദ്ദേശങ്ങൾ കമ്മീഷൻ ഭാഗികമായി അംഗീകരിച്ചു. 26-11-07 ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഇവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>കമ്മീഷൻ അംഗീകരിച്ച് ARR ന് അപ്പുറം രൂപപ്പെട്ട വൈദ്യുതി പ്രതിസന്ധി തരണം ചെയ്യുവാൻ ബോർഡ് സമർപ്പിച്ച അപേക്ഷ അടിസ്ഥാനപ്പെടുത്തി 25% വൈദ്യുതി നിയന്ത്രണത്തിനുള്ള നിർദ്ദേശം കമ്മീഷൻ അംഗീകരിച്ചു. എന്നാൽ തെർമൽ സർചാർജ്ജിനുള്ള നിർദ്ദേശത്തിൻമേൽ ഭാഗികമായി മാത്രമേ കമ്മീഷൻ അംഗീകാരം നൽകിയുള്ളൂ. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>എൽ.റ്റി. ഗാർഹിക ഉപഭോക്താക്കൾക്ക് ബോർഡ് താപനിലയങ്ങളിൽ നിന്ന് വാങ്ങുന്ന വില ഈടാക്കണമെന്ന നിർദ്ദേശം പ്രതിമാസം 150 യൂണിറ്റിനു മുകളിൽ എന്നത് 200 യൂണിറ്റായി കമ്മീഷൻ നിജപ്പെടുത്തി. |

| | | | |
|---|---|---|---|
| സി. | ഭാഗികമായി അംഗീകരിച്ച നിർദ്ദേശങ്ങളിൽ നിന്നും വരുത്തിയ മാറ്റങ്ങളെന്തെല്ലാമായിരുന്നു; | സി. | റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിർദ്ദേശങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. |
| ഡി. | ഈ ഗവൺമെൻറ് നിലവിൽ വന്ന ശേഷം വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ ഫലമായി വൈദ്യുതി ബോർഡിന് ഓരോ വർഷവും എത്ര തുകയുടെ വർദ്ധനവാണ് ലഭിച്ചിട്ടുള്ളത് ? | ഡി. | വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് 01-12-07 മുതൽ നടപ്പിൽ വരുത്തിയ താരിഫ് ഘടനയുടെ അടിസ്ഥാനത്തിൽ വാർഷിക വരുമാനത്തിൽ 37 കോടി രൂപയുടെ വർദ്ധനവുണ്ടായി.<br>20-08-08 മുതൽ ഈടാക്കി വരുന്ന തെർമൽ സർചാർജ്ജ് പ്രകാരം 180 കോടി രൂപയുടെ വർദ്ധനവും പ്രതീക്ഷിക്കുന്നു.<br>ടി നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ ഫലമായി വാർഷിക അടിസ്ഥാനത്തിൽ ലഭിക്കുന്ന വർദ്ധനവ് നടപ്പ് സാമ്പത്തിക വർഷത്തിനു ശേഷമേ കണക്കാക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

a) തെർമൽ സർചാർജ്

തെർമൽ സർചാർജിന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ

ഗാർഹിക ഉപഭോക്താക്കൾ

| പ്രതിമാസ ഉപഭോഗം | തെർമൽ സർചാർജ് |
|---|---|
| 0-40 യൂണിറ്റു വരെ | ഇല്ല. |
| 41-80 യൂണിറ്റുവരെ | 50 പൈസ വീതം മൊത്തം ഉപഭോഗത്തിന് |
| 81-300 " | 1 രൂപ വീതം മൊത്തം ഉപഭോഗത്തിന് |
| 300 യൂണിറ്റിനുമുകളിൽ | 2 രൂപ വീതം |

മറ്റ് ഉപഭോക്താക്കളിൽ കാർഷികം, അനാഥാലയങ്ങൾ, വൃദ്ധ സദനങ്ങൾ എന്നിവ ഒഴികെ എല്ലാവർക്കും യൂണിറ്റിന് 2 രൂപ നിരക്കിൽ മൊത്തം ഉപഭോഗത്തിനും തെർമൽ സർചാർജീടാക്കുവാൻ ബോർഡ് നിർദ്ദേശിച്ചിരുന്നു.

കമ്മീഷൻ അനുവദിച്ചത്.

പ്രതിമാസം 80 യൂണിറ്റിനു മുകളിൽ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ ഉപഭോക്താക്കൾക്കും ആകെയുള്ള ഉപഭോഗത്തിന് യൂണിറ്റൊന്നിന് 50 പൈസ വീതം തെർമൽ സർചാർജ് ഏർപ്പെടുത്തി.

b) വൈദ്യുതി നിയന്ത്രണവും, അധിക ഉപയോഗത്തിന് യഥാർത്ഥ വിലയും

സംസ്ഥാനത്തെ എല്ലാ എച്ച്. റ്റി. ഇ. എച്ച്. റ്റി. ഉപഭോക്താക്കൾക്കും മുൻവർഷത്തെ പ്രതിമാസ ഉപഭോഗത്തിൻെറ 25 % നിയന്ത്രണം ഏർപ്പെടുത്തുവാൻ ബോർഡ് ശുപാർശ ചെയ്യുകയും, കമ്മീഷൻ അംഗീകരിച്ച് 20-07-08 മുതൽ നടപ്പിലാക്കുകയും ചെയ്തു. എന്നാൽ 15-10-08 മുതൽ വൈദ്യുതി നിയന്ത്രണം 20% ആയി കുറച്ചു. നിയന്ത്രണത്തിനു മുകളിലുള്ള ഓരോ യൂണിറ്റ് ഉപഭോഗത്തിനും കമ്മീഷൻ കാലാ കാലങ്ങളിൽ നിശ്ചയിക്കുന്ന വൈദ്യുതി നിരക്ക് ഈടാക്കുവാനും ഉത്തരവായി.

(signature)

അസിസ്റ്റന്റ് ഓഫീസർ

# അനുബന്ധം II

ലോടെൻഷൻ ഉപഭോക്താക്കൾക്ക് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് സമർപ്പിച്ച നിർദ്ദേശങ്ങൾ :-

എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും പ്രതിമാസ ഉപഭോഗം 150 യൂണിറ്റായി നിജപ്പെടുത്തുക. 150 യൂണിറ്റിനു മുകളിലുള്ള ഉപഭോഗത്തിന് ഓരോ യൂണിറ്റിനും ബോർഡ് താപവൈദ്യുത നിലയങ്ങളിൽ നിന്നും വാങ്ങുന്ന വില ഈടാക്കുക, മറ്റെല്ലാ ലോടെൻഷൻ ഉപഭോക്താക്കൾക്കും മുൻവർഷത്തെ പ്രതിമാസ ഉപഭോഗത്തിന്റെ 75 % ക്വാട്ടയായി നിജപ്പെടുത്തുക. ഇവക്കു മുകളിലുള്ള ഉപഭോഗത്തിന് വൈദ്യുതി ബോർഡ് താപ വൈദ്യുതി നിലയങ്ങളിൽ നിന്നും വാങ്ങുന്ന വില ഈടാക്കുവാൻ അനുവദിക്കുക.

<u>കമ്മിഷൻ അനുവദിച്ചത്</u>

ഗാർഹിക ഉപഭോക്താക്കൾ - പ്രതിമാസം 200 യൂണിറ്റിനു മുകളിലുള്ള ഉപഭോഗത്തിനും മറ്റു ലോ ടെൻഷൻ ഉപഭോക്താക്കളായ കോളനികൾക്കും (എൽ.റ്റി. II ), എൽ.റ്റി. IV വ്യവസായം, ഗാർഹികേതര ഉപഭോക്താക്കൾ (LT -VI A, B, C) വാണിജ്യ ഉപഭോക്താക്കൾക്കും (L T VII A, B) ശരാശരി ഉപഭോഗത്തിന്റെ 80% ത്തിലധികം വരുന്ന ഉപഭോഗത്തിന് കമ്മിഷൻ ഓരോ മാസവും നിശ്ചയിക്കുന്ന വൈദ്യുത നിരക്ക് ഈടാക്കുവാൻ ഉത്തരവായി. ഈ നിയന്ത്രണം 07-11-08 മുതൽ സംസ്ഥാനത്തെ മറ്റു ലൈസൻസികൾക്കും ഏർപ്പെടുത്തി.

സെക്രട്ടറി കമ്മീഷൻ.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.255

4.12.2008ൽ മറുപടി പറയേണ്ടത്

ദേശീയ പെൻഷൻ പദ്ധതി

ചോദ്യം

ശ്രീ.അടൂർ പ്രകാശ്:
ശ്രീ.ടി.എൻ.പ്രതാപൻ:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര ഗവൺമെൻറ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന ദേശീയ പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയോ; | (എ) | 13/12/1995ലെ ജി.ഒ(പി)47/95/എസ്.ഡബ്ല്യു.ഡി സർക്കാർ ഉത്തരവ് പ്രകാരം ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. 19/11/2007 മുതൽ ഈ പദ്ധതി ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി എന്ന പേരിലാണ് നടപ്പിലാക്കി വരുന്നത്. പുതുക്കിയ മാനദണ്ഡമനുസരിച്ച് പെൻഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | എങ്കിൽ എത്രപേർക്ക് ഈ പദ്ധതി പ്രകാരം ഇതുവരെ പെൻഷൻ നൽകിയെന്നും എത്ര രൂപാ വീതമാണ് പെൻഷൻ നൽകിവരുന്നതെന്നും അറിയിക്കുമോ; | (ബി) | ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിക്ക് കീഴിൽ നിലവിൽ 1,56,871 ഗുണഭോക്താക്കൾ ഉണ്ട്. കേന്ദ്ര വിഹിതമായ 200/-രൂപയും സംസ്ഥാന വിഹിതമായ 50/-രൂപയും ഉൾപ്പെടെ പ്രതിമാസം 250/-രൂപ നിരക്കിലാണ് പെൻഷൻ നൽകിവരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയുടെ വിജയത്തിന് എന്തെല്ലാം നടപടികളെടുത്തു; | (സി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പദ്ധതി പ്രകാരം 65 വയസു കഴിഞ്ഞ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും പെൻഷൻ ലഭിക്കാൻ അർഹതയുണ്ട്. അതുപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ലിസ്റ്റ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ തയ്യാറാക്കി വരുന്നു. പുതുക്കിയ മാനദണ്ഡ പ്രകാരം പെൻഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. |
| (ഡി) | ഈ പദ്ധതിയെപ്പറ്റി വ്യാപകമായ പ്രചരണം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ? | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. |

R.Vijayakumar (signature)

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 256          04.12.2008 ൽ മറുപടിക്ക്

# പഞ്ചായത്തുകളിൽ പരിസരശുചീകരണത്തിന് സംവിധാനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. കെ. രാജു<br>ശ്രീ. രാജാജി മാത്യു തോമസ് | | **ശ്രീ. പാലൊളി മുഹമ്മദ് കുട്ടി**<br>(ബഹു: തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) | |
| (എ) | പരിസര ശുചീകരണത്തിന് പഞ്ചായത്തുകളിൽ എന്തെങ്കിലും പൊതുവായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ? | (എ) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം, ചവറും മാലിന്യവും നീക്കം ചെയ്യൽ, മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളാണ്. പഞ്ചായത്തുകൾ നിയോഗിച്ചിട്ടുള്ള സ്വീപ്പർമാരുടെ സേവനം ഉപയോഗപ്പെടുത്തി മാർക്കറ്റ്, ബസ്സ്റ്റാൻഡ്, നിരത്തുകൾ എന്നിവിടങ്ങളിൽ ശുചീകരണത്തിന് വ്യവസ്ഥയുണ്ട്. പാതയോരങ്ങളും പാർശ്വഭാഗത്തുള്ള ഓടകളും വൃത്തിയാക്കുന്നതിന് ആവശ്യമെങ്കിൽ അതാതുപ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകളെ ചുമതലപ്പെടുത്തുന്നതിനും സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. മാലിന്യമുക്ത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സന്നദ്ധ ആരോഗ്യ പ്രവർത്തകരുടെ സ്ക്വാഡുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, കൊതുക് നശീകരണ പ്രവർത്തനങ്ങൾ എന്നിവ നടന്നു വരുന്നു. |
| (ബി) | പഞ്ചായത്തുകളിൽ ഖരമാലിന്യങ്ങൾ ശേഖരിച്ചു സംസ്കരിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ? | (ബി) | സംയോജിത ഖരമാലിന്യ പരിപാലനത്തിന്റെ ഭാഗമായി അനുയോജ്യമായ പദ്ധതി സമർപ്പിച്ച 44 പഞ്ചായത്തുകളുടെ 12 കോടി രൂപയുടെ പദ്ധതി അംഗീകരിക്കുകയും, സംസ്ഥാന സർക്കാരിന്റെ സഹായമായി 3.69 കോടി രൂപ ലഭ്യമാക്കുകയും ചെയ്തു. ഇവയിൽ 7 പഞ്ചായത്തുകളിലെ സംസ്കരണ പ്ലാന്റ് പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു. കൂടാതെ 21 പഞ്ചായത്തുകളിലെ മാർക്കറ്റുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. കൂടാതെ സമ്പൂർണ്ണ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്ക് 3.49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പഞ്ചായത്ത് വിഹിതമായി |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | | | സംയോജിപ്പിച്ച് 220 ഗ്രാമപഞ്ചായത്തുകൾ ഖരമാലിന്യ പരിപാലന പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പരമാവധി മാലിന്യം സ്രോതസ്സിൽ തന്നെ സംസ്കരിക്കുന്നതിനും, സാഹചര്യത്തിനനുസരിച്ച് വികേന്ദ്രീകൃതമായ പൊതു മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിക്കുന്ന രീതിയിലുള്ള സമീപനവുമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചു വരുന്നത്. |
| (സി) | ഇതിനായി ഓരോ പഞ്ചായത്തിനും എന്തെല്ലാം സഹായങ്ങൾ നൽകാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാന സർക്കാർ സഹായമായി നഗരസ്വഭാവമുള്ള 5 ഗ്രാമപഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ അല്ലെങ്കിൽ പദ്ധതിയുടെ 1/3 എന്ന നിരക്കിൽ 50 ലക്ഷം രൂപ ഖരമാലിന്യ പരിപാലന പദ്ധതികൾക്ക് നൽകാൻ ഇക്കൊല്ലം വകയിരുത്തിയിട്ടുണ്ട്. ചിക്കൻ സ്റ്റാളുകൾ, മത്സ്യ സംസ്കരണ കേന്ദ്രങ്ങൾ, മത്സ്യ വിപണന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മാലിന്യ സംസ്കരണ പദ്ധതികൾ ഏറ്റെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയോ, പദ്ധതി അടങ്കലിന്റെ 1/3 എന്ന നിരക്കിലോ, ധനസഹായം നൽകാൻ 25 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ ഘടകമായ ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് നീക്കി വച്ചിട്ടുള്ള 19.9 കോടി രൂപ, ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്തു നടത്തുന്ന മാലിന്യ സംസ്കരണ പദ്ധതികൾക്കുള്ള ധനസഹായമായി നൽകും. നഗര സ്വഭാവമുള്ളതും കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികൾക്ക് സമീപം സ്ഥിതി ചെയ്യുന്നതുമായ പഞ്ചായത്തുകൾക്കാണ് ഈ സഹായത്തിന് ആദ്യ പരിഗണന നൽകുന്നത്. തുടർന്ന് ജനസാന്ദ്രത കൂടിയതും കൂടുതൽ മാലിന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നതുമായ പഞ്ചായത്തുകൾക്ക് പരിഗണന നൽകുന്നതാണ്. ആകെ പ്രോജക്ട് തുകയുടെ 50% അല്ലെങ്കിൽ 5 ലക്ഷം രൂപ എന്ന നിരക്കിൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം ഫണ്ടിൽ നിന്നും ഓരോ ഗ്രാമപഞ്ചായത്തിനും ധനസഹായം അനുവദിക്കുന്നതാം. സാമ്പത്തിക സഹായത്തിനു പുറമേ വേണ്ട സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനും ശുചിത്വ മിഷനെ ചുമതലപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:257 4-12-2008 ൽ മറുപടിയ്ക്ക്

**പുതിയ വൻകിട ജലവൈദ്യുത പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി.കെ. അബ്ദുറബ്ബ്<br>,, വി.കെ. ഇബ്രാഹിം കുഞ്ഞ് | ശ്രീ എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതുതായി വൻകിട ജലവൈദ്യുത പദ്ധതികൾക്കുള്ള സാധ്യതയെപ്പറ്റി ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; എവിടെയെല്ലാം; | (എ) ഉണ്ട്. ആകെ 448 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ആറ് പുതിയ വൻകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതാ പഠനം നടത്തി വിശദമായ ഇൻവെസ്റ്റിഗേഷനുശേഷം രണ്ട് വൻകിട ജലവൈദ്യുത പദ്ധതികളുടെ DPR തയ്യാറാക്കിയിട്ടുണ്ട്. ബാക്കി ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്നു. എട്ട് വൻകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യത പഠനം നടത്തിയെങ്കിലും, ഇവ അന്തർ സംസ്ഥാന നദികളിൽ ഉദ്ദേശിച്ച പദ്ധതികളായതിനാൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതിനാലും പാരിസ്ഥിതിക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ അനുമതി ലഭിക്കാനുള്ള സാധ്യത വിരളമായതിനാലും തൽക്കാലം തുടർ നടപടികൾ നിറുത്തി വച്ചിരിക്കുകയാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ജലവൈദ്യുത പദ്ധതികൊണ്ട് മാത്രം സംസ്ഥാനത്തിന്റെ ആവശ്യം മുഴുവനായും നേരിടാനാകുമോയെന്ന് വ്യക്തമാക്കാമോ; | (ബി) ഇല്ല. ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതിയും കേന്ദ്ര നിലയങ്ങളിൽ നിന്നും ലഭിക്കുന്ന വിഹിതവും സംസ്ഥാനത്തെ താപ വൈദ്യുത നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയും ഉപയോഗിച്ചാണ് സംസ്ഥാനത്തിന്റെ വൈദ്യുതാവശ്യം നിറവേറ്റുന്നത്. ഇതിനു പുറമേ ദേശീയ പവർ എക്സ്ചേഞ്ച് അടക്കമുള്ള സ്ഥാപനങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങിയും ഉപയോഗിക്കുന്നുണ്ട്. |
| (സി) ഇല്ലെങ്കിൽ ഇനിയും ജലവൈദ്യുത പദ്ധതികൾക്കു പകരം താപനിലയങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ഡി) താപനിലയങ്ങൾ സ്ഥാപിക്കുന്നതുമൂലം എത്രകണ്ട് **വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാമെന്നാണ് കണക്കാക്കുന്നത്?** | (സി) & (ഡി) ജലവൈദ്യുത പദ്ധതികളും കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളും കൂടുതലായി നടപ്പിൽ വരുത്തും. ഒറീസ്സയിലെ ബൈതരണി കൽക്കരി ഖനിയിൽ നിന്നു കൽക്കരി ഖനനം ചെയ്യുന്നതിന് ഒറീസ്സയിലെ OHPCയും ഗുജറാത്തിലെ GPCLമായി ചേർന്ന് കെ.എസ്.ഇ.ബി ഒരു സംയുക്ത കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. **കേരളത്തിൽതന്നെ ഒരു കൽക്കരി** നിലയം **സ്ഥാപിക്കുന്നതിന്റെ സാധ്യതയും പരിശോധിക്കുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ

അനുബന്ധം

| | | |
|---|---|---|
| **DPR** തയ്യാറാക്കിയ പദ്ധതികൾ | | |
| 1. | പൂയംകുട്ടി (ഇടുക്കി ജില്ല) | 210 മെഗാവാട്ട് |
| 2. | പാമ്പാർ (ഇടുക്കി ജില്ല) | 40 മെഗാവാട്ട് |
| ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്ന വൻകിട ജല വൈദ്യുത പദ്ധതികൾ | | |
| 1. | വൈത്തിരി (കോഴിക്കോട് ജില്ല) | 60 മെഗാവാട്ട് |
| 2. | കാന്തൻപാറ (വയനാട് ജില്ല) | 45 മെഗാവാട്ട് |
| 3. | പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ (തൃശൂർ ജില്ല) | 48 മെഗാവാട്ട് |
| 4. | ചെങ്കുളം എക്സ്റ്റൻഷൻ (ഇടുക്കി ജില്ല) | 45 മെഗാവാട്ട് |
| തുടർനടപടികൾ നിറുത്തി വച്ചിരിക്കുന്ന പദ്ധതികൾ | | |
| 1. | മാനന്തവാടി മൾട്ടി പർപ്പസ് (വയനാട്) | 225 മെഗാവാട്ട് |
| 2. | കേരള ഭവാനി മൾട്ടി പർപ്പസ് (പാലക്കാട്) | 150 മെഗാവാട്ട് |
| 3. | പാണ്ടിയാർ - പുന്നപ്പുഴ (മലപ്പുറം/കോഴിക്കോട്) | 105 മെഗാവാട്ട് |
| 4. | മുക്കാലി (പാലക്കാട്) | 40 മെഗാവാട്ട് |
| 5. | ചോലാടി (വയനാട്) | 60 മെഗാവാട്ട് |
| 6. | പഴശ്ശി (കണ്ണൂർ) | 65 മെഗാവാട്ട് |
| 7. | കബനി ( ,, ) | 150 മെഗാവാട്ട് |
| 8. | ആനമല - മണലി (ഇടുക്കി) | 100 മെഗാവാട്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.258 04-12-2008-ന് മറുപടിക്ക്

## ബി.എസ്.യു.പി. പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ജോർജ് മേഴ്സിയർ | ശ്രീ.പാലോളി മുഹമ്മദ്കുട്ടി,<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) ബി.എസ്.യു.പി. പദ്ധതിപ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് ഓരോന്നിനുംവേണ്ടി എത്ര തുക വീതമാണ് കേന്ദ്രം നൽകിയിട്ടുള്ളത്; | എ) ബി.എസ്.യു.പി പദ്ധതി പ്രകാരം നിർമ്മിക്കുന്ന വ്യക്തിഗത വീടിന് കേന്ദ്രവിഹിതമായി തിരുവനന്തപുരം നഗരസഭയുടെ പദ്ധതിയിൽ ഒരു വീടിന് 96,000 രൂപയും (80%) കൊച്ചി നഗരസഭയുടെ പദ്ധതിയിൽ ഒരു വീടിന് 60,000 രൂപയുമാണ് (50%) നൽകുന്നത്. ഫ്ളാറ്റ് മാതൃകയിലുള്ള വീടുകളിൽ ഒരു വീടിന്റെ പദ്ധതി തുക പരമാവധി 1,54,545 രൂപ വരെ ആയിട്ടുണ്ട്. തിരുവനന്തപുരത്ത് ഇതിന്റെ 80% ഉം കൊച്ചിയിൽ 50% ഉം കേന്ദ്ര വിഹിതമായി ലഭിക്കും. |
| ബി) സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കുന്ന നഗരസഭകളിൽ എത്ര വീടുകൾ വീതം നിർമ്മിക്കുവാനാണ് കേന്ദ്രം തുക തന്നിട്ടുള്ളത്; | ബി) തിരുവനന്തപുരം നഗരസഭയിലും, നഗരസഭയുടെ പദ്ധതിയിൽ ഉൾപ്പെട്ട വട്ടിയൂർക്കാവ്. ശ്രീകാര്യം, കുടപ്പനക്കുന്ന്, കഴക്കൂട്ടം, വിഴിഞ്ഞം എന്നീ ഗ്രാമപഞ്ചായത്തുകളിലുമായി 11478 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. കൊച്ചി നഗരസഭയുടെ |

പദ്ധതിയിൽ നഗരസഭാ പ്രദേശത്തും, നഗരസഭയുടെ സിറ്റി ഡെവലപ്പ്മെൻറ് പ്ലാനിൽ ഉൾപ്പെട്ട ചെല്ലാനം, കടമക്കുടി, ഇളങ്കുന്നപ്പുഴ, ഞാറയ്ക്കൽ, മുളവുകാട്, ചേരാനെല്ലൂർ, ഏലൂർ, വരാപ്പുഴ, തൃക്കാക്കര, കുമ്പളം, കുമ്പളങ്ങി എന്നീ ഗ്രാമപഞ്ചായത്തുകളിലും തൃപ്പൂണിത്തുറ, കളമശ്ശേരി നഗരസഭകളിലുമായി 9744 വീടുകളാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ആദ്യ ഗഡു തുക (25%) ആയി, 5064.87 ലക്ഷം രൂപ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| സി) ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് എപ്രകാരമാണ്; | സി) പദ്ധതിപ്രകാരമുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കാണ്. കുടുംബശ്രീ സ്വീകരിച്ചിട്ടുള്ള ക്ലേശ ഘടകങ്ങളുടേയും, അതോടൊപ്പം നഗരസഭയ്ക്ക് യുക്തമെന്ന് തോന്നുന്ന മാനദണ്ഡങ്ങളും ചേർത്ത് മാർക്കിട്ടാണ് ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഡി) | സംസ്ഥാനത്തെ ഈ പദ്ധതി അനുവദിച്ചിട്ടുള്ള നഗരങ്ങളിൽ അവ നടപ്പാക്കുന്ന നടപടി ഏത് ഘട്ടത്തിലിരിക്കുന്നുവെന്ന് പറയുമോ; | ഡി) | തിരുവനന്തപുരത്ത് 1757 വീടുകളുടെ നിർമ്മാണവും, കൊച്ചിയിൽ 1323 വീടുകളുടെ നിർമ്മാണവും, ആരംഭിച്ചിട്ടുണ്ട്. ഇവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ആകെ 16.52 കോടി രൂപ ഭവന നിർമ്മാണ പദ്ധതികളിൽ ഇതിനകം ചെലവായിട്ടുണ്ട്. തിരുവനന്തപുരത്തെ വിവിധ കോളനികളിലെ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് കോസ്റ്റ്ഫോർഡ്/ഹാബിറ്റാറ്റ് തുടങ്ങിയ സംഘടനകളുമായി ധാരണാപത്രം ഒപ്പ് വച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ഇ) | പദ്ധതി നടപ്പാക്കുന്നതിലുള്ള കാലതാമസംമൂലം പദ്ധതി വിഹിതം നിർത്തിവയ്ക്കുന്ന കാര്യം കേന്ദ്രം ആലോചിക്കുന്നതായി അറിവുണ്ടോ; | ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.259

4.12.2008ൽ മറുപടി പറയേണ്ടത്

## ഇന്ദിരാഗാന്ധി വയോജന പെൻഷൻ

ചോദ്യം

ശ്രീ.പി.സി.വിഷ്ണുനാഥ്:
ശ്രീ.ബി.ബാബുപ്രസാദ്:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇന്ദിരാഗാന്ധി വയോജന പെൻഷൻ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; | (എ) | 1995 മുതൽ നടപ്പിലാക്കി വരുന്ന ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി 19/11/2007 മുതൽ ' ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ പദ്ധതി ' എന്ന പേരിൽ നിലവിൽ വന്നു. അതു പ്രകാരം 1995ലെ ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാനുള്ള നടപടി സർക്കാർ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ പെൻഷൻ എത്രപേർക്ക് ഇതുവരെ നൽകിയിട്ടുണ്ട്; | (ബി) | നിലവിൽ 1,56,871 ഗുണഭോക്താക്കൾ ഈ പദ്ധതി പ്രകാരം പെൻഷൻ ആനുകൂല്യം കൈപ്പറ്റുന്നുണ്ട്. |
| (സി) | ഈ പദ്ധതിയെപ്പറ്റി വ്യാപകമായ പ്രചരണം നൽകിയിട്ടുണ്ടോ; | (സി) | നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കാനുള്ള നടപടി ക്രമമെന്തെന്ന് വിശദീകരിക്കാമോ? | (ഡി) | കേന്ദ്ര മാനദണ്ഡങ്ങൾ പ്രകാരമുള്ള ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിൽപ്പെട്ട 65 വയസ് കഴിഞ്ഞവർക്ക് ടി പെൻഷൻ ലഭിക്കാൻ അർഹതയുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. |

R. Ujjwala

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 260 — 04-12-2008-ലെ മറുപടിയ്ക്ക്

## കെട്ടിട നികുതി പുതുക്കി നിശ്ചയിക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ.എം. മാണി | | ശ്രീ. പാലോളി മുഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) | കെട്ടിട നികുതി പുതുക്കി നിശ്ചയിച്ചു കൊണ്ട് എന്തെങ്കിലും നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | അതനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി പുതുക്കി നിശ്ചയിക്കാൻ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കെട്ടിട നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിന് മുന്നോടിയായി കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി നിരക്ക് നിശ്ചയിക്കുക, റോഡുകളുടെ തരം തിരിവ്, മേഖലാ വിഭജനം, കെട്ടിട നമ്പർ നൽകുക എന്നീ നടപടികൾ നഗരസഭാ തലത്തിൽ പൂർത്തീകരിച്ചു വരുന്നു. ഗ്രാമപഞ്ചായത്തുകളും തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | കെട്ടിട നികുതി പുതുക്കി നിശ്ചയിക്കുന്നതിന്റെ പുതിയ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ഡി) | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, റോഡ് സൗകര്യം, ഉപയോഗ രീതി, നിർമ്മാണത്തിന്റെ തരം, കാലപ്പഴക്കം, എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് കെട്ടിട നികുതി നിശ്ചയിക്കുന്നത്. |
| (ഇ) | പ്രസ്തുത മാനദണ്ഡങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | സർക്കാരിന്റെ 23/6/07-ലെ ജി.ഒ. (എം.എസ്) നം.166/07/തസ്വഭവ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (എഫ്) | പുതുക്കി നിശ്ചയിക്കുമ്പോൾ കുറഞ്ഞത് എത്ര ശതമാനം നികുതി വർദ്ധനയാണ് ഓരോ നികുതി ദായകനും നൽകേണ്ടി വരുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) | എത്ര ശതമാനം നികുതി വർദ്ധനവ് ഉണ്ടാകാം എന്ന് ഇപ്പോൾ കണക്കാക്കാനാവില്ല. നികുതി പരിഷ്കരിക്കുന്നതിന് വളരെ സുതാര്യവും വസ്തുനിഷ്ഠവുമായ മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ [illegible]

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 261 — 04.12.2008 ൽ മറുപടിയ്ക്ക്

## ജനകീയാസൂത്രണ പദ്ധതി നടത്തിപ്പ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ് മേഴ്സിയർ<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

(എ) ജനകീയാസൂത്രണ പദ്ധതി നടത്തിപ്പ് സുതാര്യമാക്കുന്നതിനായി നടപടിക്രമങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തി എന്ന് വിശദമാക്കുമോ;

(എ) പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ഫോറങ്ങൾ മുൻ വർഷങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സുതാര്യമാക്കുകയും പരിഷ്കരിക്കുകയും ചെയ്തു.

പദ്ധതി തയ്യാറാക്കൽ, പരിശോധന , അംഗീകാരം എന്നീ നടപടികൾ പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ചു.

മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി 2008-09 വാർഷിക പദ്ധതി മുതലുള്ള 11-ാം പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് തയ്യാറാക്കി വരുന്നത്. ഒന്നാം ഘട്ടമായി ചില മേഖലകൾക്ക് മാത്രം പദ്ധതി തയ്യാറാക്കുകയും രണ്ടാംഘട്ടമായി 2008-09 വാർഷിക പദ്ധതി പൂർണ്ണമായി തയ്യാറാക്കുകയും, മൂന്നാം ഘട്ടമായി പതിനൊന്നാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുകയും ചെയ്യുന്ന രീതിയിൽ പദ്ധതി രൂപീകരണ പ്രക്രിയ പരിഷ്കരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഈ പരിഷ്കാരങ്ങൾ പദ്ധതി അംഗീകരിക്കുന്നതിലും നടത്തിപ്പിലും കാലതാമസം ഒഴിവാക്കാൻ സഹായകര മായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ എപ്രകാരമെന്ന് വിശദമാക്കാമോ? | (സി) | മൂന്ന് ഘട്ടങ്ങളിലായി പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുതിന്റെ ഭാഗമായി കൃഷി, ഭവന നിർമ്മാണം , ആരോഗ്യം, സ്കൂളുകൾ തുടങ്ങിയവയുടെ മെയിന്റനൻസ് പദ്ധതികൾ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ തന്നെ ആരംഭിക്കുവാനും മുൻകാലങ്ങളെ അപേക്ഷിച്ച് പദ്ധതി രൂപീകരണവും നിർവഹണവും സമയബന്ധിതമായി ആരംഭിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിന് കൂടുതൽ സമയം ലഭ്യമാക്കുവാനും കഴിഞ്ഞു. പുതുക്കിയ ഫോറങ്ങൾ ഉപയോഗിച്ച് ഒരു പൂർണ്ണ പ്രോജക്ട് കംപ്യൂട്ടർ ആപ്ലിക്കേഷൻ വഴി അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വച്ചുതന്നെ തയ്യാറാക്കുന്നതിനും ഇങ്ങനെ തയ്യാറാക്കുന്ന പ്രോജക്ടുകൾ ഓൺലൈനായി സാങ്കേതിക സമിതികൾക്കും ജില്ലാ ആസൂത്രണ സമിതികൾക്കും നൽകുകയും ചെയ്യുന്നു. ഇത് ഏറെ പ്രയോജനപ്രദമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 262

4.12.2008-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ

**ചോദ്യം**

ശ്രീ.എ.എ. അസീസ്

**മറുപടി**

ശ്രീ. എസ്. ശർമ്മ
(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന കോളനികളുടെ നവീകരണത്തിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണ്;

എ) കോളനി നവീകരണത്തിന് പ്രത്യേക പദ്ധതികൾ ഒന്നും ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നില്ല. ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണം/ അറ്റകുറ്റപ്പണികൾ എന്നിവയിൽ ഉൾപ്പെടുത്തി ടി പ്രവൃത്തി ചെയ്തുവരുന്നു. ഇതിനായി 11 ജില്ലകളിലെ 1500 വീടുകൾക്കായി വീടൊന്നിന് 20,000/ രൂപ നിരക്കിൽ ആകെ 300 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ബി) മാരകമായ അസുഖങ്ങൾ ബാധിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം നൽകാൻ ഫിഷറീസ് വകുപ്പ് ഒരു ഫണ്ട് ഏർപ്പെടുത്തുമോ?

ബി) മാരക രോഗങ്ങൾ പിടിപെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ്ധ ചികിത്സയ്ക്കുവേണ്ട ധനസഹായം ഫണ്ട് ബോർഡ് നൽകുന്നുണ്ട്.

**മാരകരോഗ ചികിത്സാ പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും**

| | | |
|---|---|---|
| 1 | ഹൃദ്രോഗം | 50000/-രൂപ |
| 2 | വൃക്കരോഗം | 50000/-രൂപ |
| 3 | ക്യാൻസർ | 50000/-രൂപ |
| 4 | തലച്ചോറിലെ ട്യൂമർ | 50000/-രൂപ |
| 5 | തളർവാതം | 12000/-രൂപ |
| 6 | ചികിത്സിച്ച് ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | 50,000/- |

**അവശതാ പെൻഷൻ**

ക്യാൻസർ, സ്വബോധം നഷ്ടപ്പെട്ട മാനസിക രോഗം, അതീവ ഗുരുതരമായ മന്ത് എന്നിവ മൂലം കഷ്ടപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 100/- രൂപ പ്രകാരം അവശതാ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട്.

ഇപ്പറഞ്ഞ പദ്ധതികൾ നിലവിലുള്ള സാഹചര്യത്തിൽ ഇനി പ്രത്യേകമായി ഒരു ഫണ്ട് ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 263

4. 12. 2008-ൽ മറുപടിയ്ക്ക്

## കടൽ സുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബാബുപോൾ<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ. പി.തിലോത്തമൻ | ശ്രീ. എസ്. ശർമ്മ<br>(മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | എ) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മത്സ്യ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സജീവ മത്സ്യത്തൊഴിലാളികൾക്കും സർക്കാർ ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്.<br>2. കേരളത്തിന്റെ ടെറിട്ടോറിയൽ കടൽ മേഖലയിൽ ഫിഷറീസ് വകുപ്പിലെ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ കടൽ രക്ഷാപ്രവർത്തനം നടത്തിവരുന്നു.<br>3. സുനാമി അടിയന്തിര സഹായ/പുനരധിവാസ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷാ കിറ്റുകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4. പ്രകൃതി ക്ഷോഭത്തെക്കുറിച്ചും പ്രതികൂല കാലാവസ്ഥയെക്കുറിച്ചും മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് മത്സ്യ വിജ്ഞാന കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>5. മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിട്ടുണ്ട്.<br>6. 'കടൽ സുരക്ഷാ സേന' രൂപീകരിച്ച് കടൽ രക്ഷാ പ്രവർത്തനം നടത്തിവരുന്നു. |
| ബി) 'കടൽ സുരക്ഷ' എന്ന പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | ബി) 19.11.08 ലെ ജി.ഒ.(ആർ.ടി) നമ്പർ 680/08/എഫ് &പി.ഡി.പ്രകാരം കടൽ സുരക്ഷാ പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു. |

1. കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ അവർക്ക് സംരക്ഷണം ഉറപ്പുവരുത്തുകയും അപകട തീവ്രത കുറയ്ക്കുകയും ചെയ്യുക.
2. അപകടത്തിൽപ്പെടുന്നവർക്ക് അതിവേഗത്തിൽ സഹായവും കടൽരക്ഷാ പ്രവർത്തനവും ഉറപ്പുവരുത്തുക.
3. കടൽ സുരക്ഷാ യാനങ്ങളിൽ പരിശീലനം സിദ്ധിച്ച മുങ്ങൽ വിദഗ്ധരുടെ സേവനം ലഭ്യമാക്കുക. അതിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.
4. സെർച്ച് ആൻറ് റെസ്ക്യൂ റഡാർ സംവിധാനം കരസ്ഥമാക്കി പ്രവർത്തനക്ഷമമാക്കുക.
5. വാണിജ്യ കപ്പലുകളുമായി ആശയ വിനിമയം നടത്തുന്നതിനാവശ്യമായ വാർത്താ വിനിമയ ഉപകരണങ്ങൾ കരസ്ഥമാക്കുക.

സി) മത്സ്യബന്ധനത്തിനിടെ അപകടങ്ങളുണ്ടാകുമ്പോൾ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്?

സി)മത്സ്യബന്ധനത്തിനിടെ അപകടം ഉണ്ടാകുമ്പോൾ മറൈൻ എൻഫോഴ്മെൻ്റ് വിഭാഗം രക്ഷാ ബോട്ടുകളുടെ സഹായത്തോടെ രക്ഷാ പ്രവർത്തനം നടത്തുന്നു. മൺസൂൺ കാലയളവിലും മറ്റു അടിയന്തിര ഘട്ടങ്ങളിലും കടൽ സുരക്ഷാ സേനയുടെ സേവനവും രക്ഷാപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നു. കൂടാതെ മത്സ്യബോർഡു മുഖേന നടപ്പിലാക്കി വരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്കും അവരുടെ നിയമാനുസൃത ആശ്രിതർക്കും ആപത്ഘട്ടങ്ങളിൽ താഴെപ്പറയും പ്രകാരം സഹായം ലഭിക്കും.

| | | |
|---|---|---|
| 1 | അപകടമരണം | 1 ലക്ഷം രൂപ |
| 2 | അപകടം മൂലം കാണാതാകൽ | 1 ലക്ഷം രൂപ |
| 3 | സ്ഥിരവും പൂർണ്ണവുമായ അവശത | 1 ലക്ഷം രൂപ |
| 4 | സ്ഥിരവും ഭാഗികവുമായ അവശത | 50,000 /-രൂപ |

സെക്ഷൻ ഓഫീസർ

8

**പന്ത്രണ്ടാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 264 — 4.12.2008-ൽ മറുപടിയ്ക്ക്

**ഗ്രാമീൺ സഡക് യോജന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: | ശ്രീ. പാലോളി മുഹമ്മദ് കുട്ടി (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ. ഈ ഗവൺമെന്റ് നിലവിൽ വന്ന ശേഷം ഗ്രാമീൺ സഡക് യോജന പദ്ധതി പ്രകാരം എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിച്ചു; | എ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 200.161 കി.മീ. ദൈർഘ്യം വരുന്ന 109 റോഡുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി. പ്രസ്തുത റോഡുകളുടെ അറ്റകുറ്റ പണി ചെയ്യുന്നതിനുള്ള എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; | ബി. പി.എം.ജി.എസ്.വൈ.-യിൽ നിർമ്മിച്ച റോഡുകളുടെ നിലവാരം അതേ രീതിയിൽ നിലനിർത്തുവാനായി വാർഷിക അറ്റകുറ്റപണികൾ അനിവാര്യമാണ്. ഇതിലേയ്ക്കായി പി.എം.ജി.എസ്.വൈ. പണികളുടെ കരാറിൽ തന്നെ 5 വർഷത്തെ അറ്റകുറ്റ പണികൾക്കുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ സാമ്പത്തിക ബാദ്ധ്യത സംസ്ഥാനസർക്കാർ വഹിക്കണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.<br><br>പി.എം.ജി.എസ്.വൈ.-യിൽ നിർമ്മിച്ച ആസ്തികൾ 10 വർഷത്തേയ്ക്ക് നിലനിൽക്കുവാനുള്ള രീതിയിലാണ് ഡിസൈൻ ചെയ്തിരിക്കുന്നത്. ഈ റോഡുകളുടെ ആദ്യത്തെ 5വർഷത്തെ അറ്റകുറ്റ പണികൾ കരാറിന്റെ ഭാഗമായി കെ.എസ്.ആർ.ആർ.ഡി.എ. വഴി നടത്തിയ ശേഷം ജില്ലാ പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതും അതിനു ശേഷമുള്ള അറ്റകുറ്റപണികൾ ജില്ലാ പഞ്ചായത്തുകൾ ചെയ്യേണ്ടതുമാണ്. |
| സി. ഈ വർഷം ഈ പദ്ധതി പ്രകാരം എത്ര കിലോ മീറ്റർ റോഡ് നിർമ്മിക്കുവാനാണ് പദ്ധതിയിട്ടിട്ടുള്ളത് ? | സി. ഈ വർഷം ഏഴാം ഘട്ടത്തിൽ 1155 കി.മീ. ദൈർഘ്യം വരുന്ന 420 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് 505.03 കോടി രൂപയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയതിന് കേന്ദ്ര തലത്തിലുള്ള എംപവേർഡ് കമ്മിറ്റി തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റിൽ നിന്നുള്ള അനുമതി പത്രിക പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:265 4-12-2008 ൽ മറുപടിയ്ക്ക്

**ചെറുകിട ജലവൈദ്യുത പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.കെ. ഇബ്രാഹിം കുഞ്ഞ്<br>,, യു.സി. രാമൻ | ശ്രീ. എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതുതായി ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ;<br>(ബി) എങ്കിൽ എത്ര പുതിയ പദ്ധതികൾക്ക് സാദ്ധ്യതയുണ്ട്; ഇവമൂലം ഉത്പാദിപ്പിക്കാവുന്ന വൈദ്യുതി എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും ഏകദേശം 118 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതാപഠനം നടത്തിയിട്ടുണ്ട്. ഇതിലൂടെ ഉദ്ദേശം 484.55 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ കാലാവസ്ഥയിലും മഴലഭ്യതയിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള മെച്ചം എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ചെറുതടയണകൾ കെട്ടി 'പ്രകൃതിദത്തമായ നീരൊഴുക്കി' ലെ (run of the river) ജലം ഉപയോഗിച്ചാണ് ചെറുകിട ജലവൈദ്യുത പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. ചെറു തടയണകൾ കെട്ടുന്നതു കാരണം ആ പ്രദേശത്തെ വെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കാൻ കഴിയുന്നു. ഇത്തരം പദ്ധതികളിൽ നിന്നുമുള്ള ഊർജ്ജ ഉല്പാദനം Firm Power അല്ലെങ്കിലും നമ്മുടെ വൈദ്യുത ശൃംഖലയിലേക്ക് ഇതിൽ നിന്നുള്ള ഊർജ്ജം നൽകുവാൻ കഴിയും. മാത്രമല്ല, വെള്ളം കുറവായ സമയത്ത് ജനറേറ്റർ no load -ൽ ഒരു കണ്ടൻസർ പോലെ ഓടിച്ച് ആ പ്രദേശത്തെ വോൾട്ടേജിന്റെ കുറവ് പരിഹരിക്കുവാനും തദ്വാരാ ഊർജ്ജനഷ്ടം ഒഴിവാക്കാനും സാധിക്കും. നിർമ്മാണ ജോലികൾ വേഗത്തിൽ പൂർത്തീകരിക്കാം, സങ്കീർണ്ണമായ സാങ്കേതികത്വമുള്ള യന്ത്ര സാമഗ്രികളില്ല, കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമില്ല തുടങ്ങിയ മറ്റ് മെച്ചങ്ങളും ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുണ്ട്. ഇതുകൂടാതെ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ മന്ത്രാലയം ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായവും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 266 04.12.2008-ലെ മറുപടിക്ക്.

## സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി.ടി. അഹമ്മദ് അലി | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കേരളത്തിൽ നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരം എത്ര ബി.പി.എൽ. കുടുംബത്തിന് പ്രയോജനപ്പെട്ടു എന്ന് വ്യക്തമാക്കുമോ ; | (എ) പദ്ധതിയുടെ രജിസ്ട്രേഷൻ ആലപ്പുഴ ജില്ലയിൽ ആരംഭിച്ചിട്ടേയുള്ളു. ഈ ജില്ലയിൽ 01-12-2008 മുതൽ പദ്ധതി പ്രയോജനം ലഭിച്ചു തുടങ്ങും. കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന വഴി ( RSBY) 11.79 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്കും സംസ്ഥാന പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി (CHIS) വഴി 10 ലക്ഷം ബി.പി.എൽ. കുടുംബങ്ങൾക്കും പ്രയോജനം ലഭിക്കും. |
| (ബി) ബി.പി.എൽ. കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ ഇൻഷുറൻസ് പ്രീമിയമായി എത്ര രൂപ നൽകണം എന്നറിയിക്കുമോ; | (ബി) ബി.പി.എൽ. കുടുംബങ്ങളിൽ നിന്ന് രജിസ്ട്രേഷൻ ഫീസായി 30 രൂപ മാത്രമേ വാങ്ങുന്നുള്ളു. ഇൻഷുറൻസ് പ്രീമിയം കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നല്കും. RSBY യിൽ പ്രീമിയത്തിന്റെ 75 % കേന്ദ്ര സർക്കാരും 25 % സംസ്ഥാനസർക്കാരും നല്കും. CHIS ൽ മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാർ നല്കും. ഇൻഷുറൻസ് പ്രീമിയം പൂർണ്ണമായി അടക്കുന്ന എ.പി.എൽ കുടുംബങ്ങൾക്കും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കും |
| (സി) ഈ പദ്ധതിയുടെ സ്മാർട്ട് കാർഡിന് ഓരോരുത്തരും എത്ര രൂപ നൽകണം എന്നറിയിക്കുമോ; | (സി) സ്മാർട്ട് കാർഡിന് പ്രത്യേകമായി ഗുണഭോക്താക്കൾ പണം നൽകേണ്ടതില്ല. |

(ഡി) ഈ പദ്ധതി നടപ്പിലാക്കിയതിനു ശേഷം സർക്കാർ ആരോഗ്യ കേന്ദ്രത്തിലെ സൗജന്യ ചികിത്സ നിലവിലുള്ളതിൽ നിന്ന് പരിമിതപ്പെടുത്തുന്നതിനോ, നിർത്തൽ ചെയ്യുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ ?

(ഡി) ഇല്ല. സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ലഭിച്ചുവരുന്ന സൗജന്യ ചികിത്സ തുടരും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ-- ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 267.　　　　04-12-2008- ൽ മറുപടിയ്ക്ക്

## ഉൾനാടൻ മത്സ്യസമ്പത്ത്

ചോദ്യം　　　　　　　　　　　　മറുപടി

ശ്രീ.കോവൂർ കുഞ്ഞുമോൻ :　　　　　　ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ഉൾനാടൻ മത്സ്യസമ്പത്തിൽ കുറവുവരുന്നതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; പഠന റിപ്പോർട്ട് ലഭ്യമാക്കുമോ ; | (എ) ഉണ്ട്. വേമ്പനാട്, അഷ്ടമുടി കായലുകളിലെ മത്സ്യസമ്പത്ത് ശോഷിക്കുന്നതായി കൊച്ചി സർവ്വകലാശാല നടത്തിയ പഠനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. പഠനറിപ്പോർട്ട് ശേഖരിച്ചു ലഭ്യമാണ്. |
| (ബി) ഉൾനാടൻ മത്സ്യങ്ങളുടെ കുറവുമായി ബന്ധപ്പെട്ട തൊഴിലില്ലായ്മ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തൊഴിലില്ലായ്മ പരിഹരിക്കുവാൻ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട് ; വിശദമാക്കുമോ ? | (ബി) ഉൾനാടൻ മേഖലയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഫിഷറീസ് വകുപ്പ് പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന സോഷ്യൽ ഫിഷറീസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്. 2008-09 വർഷം ടി പദ്ധതിയ്ക്കായി 17 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫിർമ വഴി മത്സ്യസങ്കേതങ്ങൾ സ്ഥാപിച്ച് കരിമീൻ തുടങ്ങിയ മത്സ്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ച് അതുവഴി തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.<br>ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് മത്സ്യകേരളം എന്ന പദ്ധതി ഫിഷറീസ് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് 2008-09 വർഷം മുതൽ മൂന്നുവർഷത്തേക്ക് നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ അടങ്കൽ തുക 71 കോടി രൂപയും, കർഷകർക്കു സബ്സിഡി 21 കോടി രൂപയുമാണ്. ശുദ്ധജല മത്സ്യകൃഷി, നെൽപ്പാടങ്ങളിലെ മത്സ്യ/ആറ്റുകൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി, അലങ്കാര മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ, മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ, മത്സ്യത്തീറ്റ നിർ |

| | |
|---|---|
| | മ്മാണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കൽ, കൊതുക് (കൂത്താടി) നിർമ്മാർജ്ജനത്തിനായി മത്സ്യം വളർത്തൽ, ക്വാളിറ്റി കൺട്രോൾ ലാബുകൾ, നദികളിലേയും അഴിമുഖങ്ങളിലേയും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ, പഞ്ചായത്തുതല മാതൃകാ മത്സ്യക്കുള നിർമ്മാണം, ചെമ്മീൻ കൃഷി, കക്ക, ഞണ്ട്, മുരിങ്ങ കൃഷി, കടൽപ്പായൽകൃഷി, കൂടുകളിൽ മത്സ്യം വളർത്തൽ, കക്ക ശുദ്ധീകരണശാലകൾ സ്ഥാപിക്കൽ, മത്സ്യകർഷകർക്ക് വിദഗ്ദ്ധ പരിശീലനം, വിപണന സൗകര്യങ്ങൾ ഒരുക്കൽ, പഞ്ചായത്തുതല മത്സ്യകർഷക ക്ലബ്ബുകൾ രൂപീകരിക്കൽ എന്നിവയാണ് പദ്ധതി ഘടകങ്ങൾ. ഉൾനാടൻ മത്സ്യോല്പാദനം ഇന്നത്തെ 0.75 ലക്ഷം ടണ്ണിൽ നിന്നും 2 ലക്ഷം ടണ്ണാക്കി വർദ്ധിപ്പിച്ച് അതിലൂടെ 250 കോടി രൂപയുടെ അധിക വരുമാനം ലക്ഷ്യമിടുന്ന പദ്ധതിയിലൂടെ സംസ്ഥാന മത്സ്യമേഖലയിൽ 6.5 ലക്ഷം തൊഴിൽ ദിനങ്ങൾ മൂന്നുവർഷംകൊണ്ട് സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 268 04.12.2008 ൽ മറുപടിയ്ക്ക്

**സ്വകാര്യമേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിന് സംവരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ശക്തൻ :<br>ശ്രീ. ടി.എൻ. പ്രതാപൻ : | ശ്രീ. എ.കെ. ബാലൻ<br>പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |
| (എ) സ്വകാര്യമേഖലയിൽ ലഭ്യമായ തൊഴിലവസരങ്ങളിൽ പട്ടികജാതി/ പട്ടികവർഗ്ഗത്തിന് സംവരണം നൽകണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) എങ്കിൽ പ്രസ്തുത ആവശ്യത്തോട് ഈ ഗവൺമെന്റിന്റെ സമീപനമെന്താണ് ;<br>(സി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ? | **(ബി) & (സി)**<br>ഈ ആവശ്യത്തോട് ഗവൺമെന്റ് നയപരമായി യോജിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 269 — 04.12.2008-ൽ മറുപടിയ്ക്ക്

## താപ വൈദ്യുതി വില

**ചോദ്യം**

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ.ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :

(എ) താപ വൈദ്യുതിയുടെ വില കുറച്ചതിനനുസരിച്ച് സംസ്ഥാനത്ത് ഇപ്പോൾ അധികമായി ഏർപ്പെടുത്തിയ വൈദ്യുതി വിലയും സർച്ചാർജ്ജും കുറയ്ക്കുവാൻ ഉദ്ദേശമുണ്ടോ ;

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി)

(എ) ഓരോമാസവും ഇന്ധനവിലയിലെ മാറ്റമനുസരിച്ചാണ് ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ വില സംസ്ഥാന വൈദ്യുത റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചു നൽകുന്നത്. ഇപ്രകാരം ഓരോ മാസവും കമ്മീഷൻ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നുള്ള കണക്കുകളെ ആധാരമാക്കി വൈദ്യുതിയുടെ വില നിശ്ചയിക്കുകയും ചെയ്യുന്നു. ഇപ്രകാരം ജൂലൈ മാസത്തിൽ 11.19 രൂപ, ആഗസ്റ്റ് 10.16 രൂപ, സെപ്റ്റംബർ 8.83 രൂപ എന്നിവയായി നിജപ്പെടുത്തിയിരിക്കുന്നു. ഇന്ധന വില കുറയുന്നതിനനുസരിച്ച് താപ വൈദ്യുതിക്ക് അധികമായി ഏർപ്പെടുത്തിയ വിലയും കുറയുന്നുണ്ട്.

എന്നാൽ സർചാർജ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ഇപ്പോഴുള്ള ഇന്ധന വിലയെ അടിസ്ഥാനമാക്കിയല്ല.

ഈ സാമ്പത്തികവർഷം ജൂലൈ മാസം വരെയുള്ള നാലു മാസക്കാലയളവിൽ എ.ആർ.ആർ പ്രകാരം കമ്മീഷൻ വാങ്ങാനനുവദിച്ച താപ വൈദ്യുതിയിൽ, ഇന്ധനവിലയിലു

ണ്ടായ വർദ്ധനവുമൂലം 180 കോടി രൂപ ബോർഡിന് അധിക ബാദ്ധ്യത യുണ്ടായതായി സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ കണക്കാക്കി. ഇത് തെർമൽ സർചാർജായി 20-08-2008 മുതൽ ഈടാക്കുവാൻ കമ്മീഷൻ ഉത്തരവായി. തെർമൽ സർചാർജ് നടപ്പിലാക്കുക വഴി പ്രതിമാസം ഏകദേശം 40 കോടി രൂപ അധിക വരുമാനമാണ് പ്രതീക്ഷിച്ചത്. എന്നാൽ കിട്ടിയ കണക്കുകൾ അനുസരിച്ച് 32 കോടി രൂപ അധിക വരുമാനം ലഭിക്കുന്നുണ്ട്. ഇപ്രകാരം അധികബാദ്ധ്യതയായ 180 കോടി രൂപ ഈടാക്കുന്നതിന് ഉത്തരവിന്റെ കാലദൈർഘ്യം 20.08.2008മുതൽ 6 മാസത്തേക്ക് അതായത് ഫെബ്രുവരി 2009 വരെ തുടരേണ്ടതുണ്ട്. യഥാർത്ഥത്തിൽ 2008 ഒക്ടോബർ 30 വരെ 1331 മില്ല്യൺ യൂണിറ്റ് വൈദ്യുതി കൂടിയ വിലക്ക് വാങ്ങുകവഴി 1020 കോടി രൂപ **KSEB** ചെലവഴിച്ചു. ഇത് തെർമൽ സർചാർജിൽ നിന്ന് റിക്കവർ ചെയ്തു കിട്ടുകയില്ല.

| | | | |
|---|---|---|---|
| (ബി) | ഇപ്പോൾ താപ വൈദ്യുത നിലയങ്ങളിൽ നിന്നും എന്തു വിലയ്ക്കാണ് കെ.എസ്.ഇ.ബി വൈദ്യുതി വാങ്ങുന്നത് ; | (ബി) | കേന്ദ്ര പൂളിൽ നിന്നുള്ള അലോക്കേറ്റഡ് വൈദ്യുതിക്ക് യൂണിറ്റിന് 1.50 മുതൽ 2.60 രൂപ വരെയാണ് വിലവരുന്നത്. എന്നാൽ കേന്ദ്ര പൂളിൽ നിന്നും നിശ്ചിത അലോക്കേഷൻ വൈദ്യുതി കിട്ടാറില്ല. നവംബർ മാസത്തിൽ ലഭിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം കായംകുളം എൻ.ടി.പി.സി. നിലയത്തിൽ നിന്നും 7.78 രൂപയ്ക്കും, ബി.എസ്.ഇ.എസ്. കൊച്ചിയിൽ നിന്ന് 8.96 രൂപയ്ക്കും, |

| | | | |
|---|---|---|---|
| | | | കെ.പി.സി.എൽ കാസർകോട് നിന്ന് 8.25 രൂപയ്ക്കുമാണ് വൈദ്യുതി വാങ്ങിയത്. കൂടാതെ ദേശീയ പവർ എക്സ്ചേഞ്ചിൽ നിന്ന് 8.50 മുതൽ 9 രൂപവരെ വിലക്കും വൈദ്യുതി വാങ്ങുന്നുണ്ട്. ഈ വില ദിവസേന മാറികൊണ്ടിരിക്കും |
| (സി) | ഈ സാമ്പത്തിക വർഷം വിതരണത്തിന് എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് താപ നിലയങ്ങളിൽ നിന്നും വാങ്ങേണ്ടി വന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) | ഈ സാമ്പത്തിക വർഷം സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ കേന്ദ്ര പൂളടക്കം താപ നിലയങ്ങളിൽ നിന്ന് 4338.11 ദശലക്ഷം യൂണിറ്റും, ട്രേഡർമാരിൽ നിന്നും 176.56 ദശലക്ഷം യൂണിറ്റുമാണ് വാങ്ങേണ്ടിവന്നത്. കേന്ദ്ര പൂൾ വൈദ്യുതി ഒഴിവാക്കിയാൽ ഒക്ടോബർ 30 വരെ 1331 മില്ല്യൻ യൂണിറ്റ് വൈദ്യുതിയാണ് കൂടിയ വിലക്ക് വാങ്ങിയത്. ഇതിന് 1020 കോടി രൂപ ചെലവഴിച്ചു. |
| (ഡി) | വൈദ്യുതി ഉപയോഗ വർദ്ധനവിനനുസരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ദീർഘകാലഅടിസ്ഥാനത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഡി) | ജലവൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് ഈ പദ്ധതിക്കാലത്ത് 500 **MW** കൂട്ടിച്ചേർക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. വരുന്ന പദ്ധതിക്കാലം ലക്ഷ്യം വച്ച് 500 **MW** - ന്റെ ഇൻവെസ്റ്റിഗേഷൻ നടപടികളും നടക്കുന്നു. കൂടാതെ പാരമ്പര്യേതര ഊർജ്ജ സ്രോതസുകളായ കാറ്റ്, ചെറുകിട ജല വൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർ വഴി നടപ്പിലാക്കാൻ ബോർഡ് ലക്ഷ്യം വയ്ക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കേരളത്തിനു അനുവദിച്ചു കിട്ടിയ കൽക്കരിഖനിയിൽ നിന്നും കൽക്കരി ഖനനത്തിനും |

അനുബന്ധ പ്രവർത്തനങ്ങൾക്കും വേണ്ടി ബൈതരണി വെസ്റ്റ്കോൾ കമ്പനി ലിമിറ്റഡ് എന്ന ഒരു കമ്പനി (O.H.D.C) ഒറീസയും (ജി.പി. സി. എൽ) ഗുജറാത്തും KSEB യും ചേർന്ന് രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളത്തിൽ ഒരു കൽക്കരി നിലയം സ്ഥാപിക്കുന്നതിനെക്കുറിച്ചു ആലോചിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ-- എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 270. 04-12-.2008- ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും

ചോദ്യം | മറുപടി

ശ്രീ.കെ.സി.വേണുഗോപാൽ :

ശ്രീ. എസ്. ശർമ്മ
(ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നല്കുന്നതിനുള്ള പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോ ; പ്രസ്തുത പദ്ധതി എന്ന് നടപ്പാക്കാൻ സാധിക്കും ; | (എ)<br>കടലോരമേഖലയിൽ കടലാക്രമണം അനുഭവപ്പെടുന്ന പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിച്ചുനൽകുന്ന ഒരു പദ്ധതി സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി റവന്യൂ വകുപ്പ് മുഖേന 9 കടലോര ജില്ലകളിൽ നടപ്പിലാക്കുന്നു. ഏകദേശം പതിനോരായിരം വീടുകളാണ് ഇപ്രകാരം നിർമ്മിച്ചുനൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഫിഷറീസ് വകുപ്പ് മുഖേന ഭൂമിയും വീടുമില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും 'കോസ്റ്റൽ പുര' പദ്ധതിയിൽ ഉൾപ്പെടുത്തി 21.4 ലക്ഷം രൂപ ചെലവിൽ കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി, മഞ്ചേശ്വരം എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ പ്രയോജനം 39 ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതാണ്. |
| (ബി) ഇവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് അറിയിക്കുമോ ? | (ബി) വിവിധ പദ്ധതികളിലായി റവന്യൂ വകുപ്പും തദ്ദേശ-ഭരണവകുപ്പും മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് ഭൂമിയും വീടും നൽകി വരുന്നു. വീടില്ലാത്തവരുടെ എണ്ണം എത്രയാണെന്നതു സംബന്ധിച്ച് പ്രത്യേകം കണക്കെടുപ്പു നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ